# മാനവ വൈവിധ്യ – സൗഹൃദ പഞ്ചായത്തുകൾ

## തദ്ദേശതല ഭരണത്തിൽ ലിംഗ – ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി ഒരു സമ്മർദ്ദരേഖ

Centre for
Development Studies
Thiruvananthapuram 695 011
Kerala, India

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ
തദ്ദേശസ്വയംഭരണഗവേഷണ യൂണിറ്റ്
2017 മെയ് 29 നു നടത്തിയ വട്ടമേശ ചർച്ചയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ രേഖ

# മാനവ വൈവിധ്യ-സൗഹൃദ പഞ്ചായത്തുകൾ
# തദ്ദേശതല ഭരണത്തിൽ ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളുടെ
# അവകാശങ്ങൾക്കു വേണ്ടി ഒരു സമ്മർദ്ദരേഖ

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ തദ്ദേശസ്വയംഭരണഗവേഷണ യൂണിറ്റിന്റെ മുൻകൈയിൽ കേരളത്തിലെ LGBTQI സമുദായാംഗങ്ങളും പ്രവർത്തകരും സംഘടനാപ്രതിനിധികളും ഈ വിഷയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന മറ്റുള്ളവരും ചേർന്ന് നടത്തിയ ചർച്ചകളിലൂടെയാണ് ഈ സമ്മർദ്ദരേഖ ഉരുത്തിരിഞ്ഞത്. ഏതെങ്കിലും ഒരു വ്യക്തിയുടെ മാത്രം സൃഷ്ടിയല്ല ഇത്. ഈ പ്രക്രിയയിൽ പങ്കെടുത്ത എല്ലാവരുടേയും കൂട്ടായ സൃഷ്ടിയാണിത്. ഈ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ച എല്ലാവർക്കും നിറഞ്ഞ നന്ദി.

ജെ. ദേവിക

(തദ്ദേശസ്വയംഭരണഗവേഷണ യൂണിറ്റിനു വേണ്ടി)

**സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്. തിരുവനന്തപുരം**
**മെയ്, 2017**

***സമീപനം***

*കേരളത്തിലിന്ന് ഇരുളിൽ നിന്ന് ദൃശ്യതയിലേക്ക് ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പാർശ്വവത്കൃതരായ ജനങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നവരാണ് LGBTQI (ലെസ്ബിയൻ-ഗേ-ബൈസെക്ഷുവൽ-ട്രാൻസ്ജന്റർ-ക്വിയർ-ഇന്റർസെക്സ്) എന്നു സ്വയം വിശേഷിപ്പിക്കുന്ന ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾ. നൂറ്റാണ്ടുകളായി സഹിച്ചുവന്ന കൊടുംപീഡനങ്ങൾ ഇപ്പോഴും തുടരുന്നതുകൊണ്ട് ആ വിഭാഗക്കാരെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ഇല്ലെങ്കിലും അവരുടെ സംഖ്യ കുറവല്ലെന്ന് കരുതാൻ ന്യായമുണ്ട്. പക്ഷേ എല്ലാവിധ അവകാശങ്ങളും നിഷേധിക്കപ്പെടുന്ന ഈ കൂട്ടരിൽ പ്രധാനപ്പെട്ട ഒരു വിഭാഗമായ ഠഏക(ട്രാൻസ്ജന്റർ-ഇന്റർസെക്സ്) ജനങ്ങൾക്ക് നിയമപരമായ അംഗീകാരം ഇന്ന് ലഭിച്ചു കഴിഞ്ഞിരിക്കുന്നു. മറ്റു വിഭാഗങ്ങളെ അംഗീകരിക്കാനുള്ള താത്പര്യം കേരള സർക്കാർ പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, ഈ ജനങ്ങളുടെ ആവശ്യങ്ങളെയും കേരളത്തിന്റെ സവിശേഷമായ തദ്ദേശസ്വയംഭരണ വ്യവസ്ഥയ്ക്കുള്ളിൽ ഉൾപ്പെടുത്താനുള്ള ശ്രമമാണ് ഈ സമ്മർദ്ദരേഖയിലൂടെ ഞങ്ങൾ അവതരിപ്പിക്കുന്നത്. അതിനായി തദ്ദേശസ്വയംഭരണ ചട്ടക്കൂടിന് എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടിവരുമെന്നും, അതിനു ള്ളിൽ എന്തെല്ലാം ചെയ്യാനാകുമെന്നും ഈ രേഖ സൂചിപ്പിക്കുന്നു. തദ്ദേശതലത്തിൽ മൂർത്തമായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നും ഇതിലൂടെ ഞങ്ങൾ കൂട്ടായി ചിന്തിക്കുന്നു.*

**ആമുഖം**

ഇരുപതാം നൂറ്റാണ്ടിൽ കേരളീയ സമൂഹത്തിലുണ്ടായ വൻ സാമൂഹ്യ മാറ്റങ്ങളെ വേണമെങ്കിൽ ഒറ്റവാക്കിൽ സംഗ്രഹിക്കാം-'ജനാധിപത്യവൽക്കരണം' എന്ന് നാം അതിനെ വിളിച്ചാൽ. ഈ നൂറ്റാണ്ടിൽ കേരളത്തിൽ അടിച്ചമർത്തലിന്റെ ഏറ്റവും വികൃതമായ രൂപങ്ങൾ ജനാധിപത്യപ്രയോഗങ്ങൾക്ക് വലിയൊരളവുവരെ വഴിമാറിക്കൊടുക്കുകയോ ആധുനിക സ്വഭാവമുള്ള അസമത്വങ്ങളായി പരിണമിക്കുകയോ ചെയ്യുന്ന കാഴ്ചയാണ് നാം കണ്ടത്. അധികാരത്തിന്റെ അരങ്ങുകളിൽ മേൽജാതി-ജൻമിക്കൂട്ടങ്ങൾക്കു പകരം 'ജനങ്ങൾ' എന്ന സങ്കൽപം ഉയർന്നു വന്ന കാലമായി ഇതു തിരിച്ചറിയപ്പെട്ടു. മനുഷ്യരുടെ നൻവാഴ്വിനെ സ്വാധീനിക്കുന്ന മുഖ്യ കാരണങ്ങൾ പലതും മുൻപുണ്ടായിരുന്ന രാജഭരണങ്ങൾ ഇവിടെ നടപ്പാക്കിത്തുടങ്ങിയിരുന്നു, വിശേഷിച്ചും ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യം യാഥാർത്ഥ്യമായതോടെ, കേരളത്തിൽ ഇപ്പറഞ്ഞ ജനക്ഷേമം രാജാക്കൻമാർ നൽകിയ ഔദാര്യമല്ലാതെയായി. എന്നു തന്നെയല്ല, ജനക്ഷേമമെന്നാൽ സർക്കാരിൽ നിന്ന് ജനങ്ങൾക്ക് ന്യായമായും ചോദിച്ചുവാങ്ങാവുന്ന ജീവിതവിഭവങ്ങളാണെന്നും വന്നു. ഇതൊരു രാഷ്ട്രീയനേട്ടം തന്നെയായിരുന്നു. പ്രശസ്ത ധനതത്വശാസ്ത്രജ്ഞനായ അമർത്യസെൻ ഇതിനെ Public Action എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. Public Action നെ 'സക്രിയ പൊതു ഇടപെടൽ' എന്നു വേണമെങ്കിൽ നമുക്ക് മനസ്സിലാക്കാം. കേരള പശ്ചാത്തലത്തിൽ, സ്വാതന്ത്ര്യാനന്തര ദശ

കങ്ങളിൽ പൊതുജനങ്ങൾക്കിടയിലും അവരിൽ നിന്നും ഉറഞ്ഞുകൂടി ഉയർന്നുവന്ന ശക്തിയും സമ്മർദ്ദവും മൂലം സർക്കാർ പൊതു വിഭവങ്ങളെ കൂടുതൽ ജനകീയമായി വിതരണം ചെയ്യാൻ പ്രേരിപ്പിക്കപ്പെട്ട ആ ചരിത്ര പ്രക്രിയയെ Public Action എന്നു വിളിക്കാവുന്നതാണ്. അക്കാലത്തെ മലയാള പത്രങ്ങൾ പരിശോധിച്ചാൽ തദ്ദേശീയം മുതൽ ആരംഭിക്കുന്ന പല തലങ്ങളിൽ ജനങ്ങൾക്ക് പൊതുവിൽ ആവശ്യം എന്ന് അംഗീകരിക്കപ്പെട്ട വിദ്യാലയങ്ങൾ, ആശുപത്രികൾ, മറ്റു സഹായങ്ങൾ എന്നിവയ്ക്കുവേണ്ടി നിരന്തരമായ മുറവിളി ഉയരുന്നതു കേൾക്കാം. തദ്ദേശീയതലത്തിലെ പാർട്ടീഘടകങ്ങൾ മുതൽ ഗ്രാമീണ അയൽപക്ക വായനശാലകളും യുവാക്കളുടെ സാമൂഹ്യസേവനസംഘടനകൾ വരെയും ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സക്രിയ പ്രവർത്തനം നടത്തിയിരുന്നതായി കാണാം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ജനക്ഷേമവിഭവങ്ങൾ കൂടുതൽ ലഭ്യമായതിനു പിന്നിൽ മുകളിൽ നിന്നു താഴേക്കുള്ള കൊടുക്കലുകളും മുൻകയ്യുകളും മാത്രമായിരുന്നില്ല. അത്രതന്നെയോ അതിലധികമോ പ്രാധാന്യം താഴെ നിന്നു മുകളിലേക്ക് ആവശ്യങ്ങളുന്നയിക്കാൻ വാശിയോടെ നടന്ന പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു.

1990കളിൽ കേരളത്തിലെങ്ങും നടപ്പിലാക്കിയ ജനകീയാസൂത്രണത്തെയും അധികാരവികേന്ദ്രീകരണത്തെയും ഇപ്പറഞ്ഞ സക്രിയപൊതുഇടപെടലിന്റെ തുടർച്ചയായി കാണാമെന്ന് പറയാറുണ്ട്. തീർച്ചയായും ഇന്ത്യയിൽ മറ്റെവിടെക്കാളും ജനക്ഷേമവിഭവങ്ങളെ കൂടുതൽ കാര്യക്ഷമമായും സുതാര്യമായും വിതരണം ചെയ്യാൻ നമ്മുടെ തദ്ദേശീയസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമസഭകൾ പോലുള്ള ജനകീയ വേദികൾക്ക് ശക്തിയും പ്രസക്തിയും നൽകുവാൻ ഇവിടെ ഒരളവുവരെയെങ്കിലും സാധിച്ചിട്ടുണ്ട്. ഇവിടുത്തെ തദ്ദേശസ്വയംഭരണ വ്യവസ്ഥ മറ്റെവിടത്തെക്കാളും ശക്തവും വിഭവപൂർണവുമാണെന്നതും പ്രധാനമാണ്. തന്നെയുമല്ല, ഇവിടുത്തെ തദ്ദേശസ്വയംഭരണ വ്യവസ്ഥയുടെ അവിഭാജ്യഘടകമായി പ്രവർത്തിക്കുന്ന സ്ത്രീകളുടെ സ്വയം സഹായസംഘങ്ങളുടെ വൻ ശൃംഖല തന്നെ കേരളത്തിലുണ്ട്. എങ്ങും പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെ ഫലപ്രദമായി താങ്ങിനിർത്തുന്ന സിവിൽ സമൂഹഘടകമാണ്.

എന്നാൽ കേരളത്തിലെ തദ്ദേശീയഭരണ വ്യവസ്ഥ സക്രിയപൊതു ഇടപെടലിന്റെ പൈതൃകത്തിന് അർഹമാകണമെങ്കിൽ അതിന് നിർബന്ധമായും ചലനാത്മകസ്വഭാവമുണ്ടായിരിക്കണം. അതായത്, അശരണരും പുറന്തള്ളപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനും അവ നിവർത്തിക്കാനും അതിനു കഴിയണം. മാറി വരുന്ന സാമൂഹ്യ സാഹചര്യങ്ങളനുസരിച്ച് ഈ വിഭാഗങ്ങൾ മാറുമെന്നും, പുതിയ ശബ്ദങ്ങൾ കേൾക്കുമെന്നും തീർച്ചയാണല്ലോ. കേരളത്തിൽ 1990കളിൽ നിശബ്ദരും മുഖമില്ലാത്തവരുമായിരുന്ന, എന്നാൽ ഇന്ന് അങ്ങനെയല്ലാത്തവരായ, പാർശ്വവൽകൃതവിഭാഗങ്ങൾ അനവധിയുണ്ട്. അവരിൽ മുഖ്യരായ കൂട്ടരാണ് ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങൾ. മുഖ്യധാരാ ലിംഗ സ്വഭാവങ്ങളിൽ നിന്ന് വ്യത്യസ്തമായ ലിംഗത'യോ (gender identity) ലൈംഗികതയോ (sexuality) അവകാശപ്പെടുന്നവരാണ് ട്രാൻസ്ജന്റർ-ഇന്റർസെക്സ് ജനങ്ങളും (TGI) ഗേ- ലെസ്ബിയൻ-ബൈസെക്ഷ്വൽ ക്വിയർ (LGBQ)

വിഭാഗക്കാരും (LGBQ) (ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെ മൊത്തത്തിൽ പരാമർശിക്കുമ്പോൾ LGBTQI എന്നാണ് സാധാരണ പറയാറ്). 1990 കളിൽ ഇവർക്ക് പൊതുരംഗത്ത് പ്രത്യക്ഷസാന്നിധ്യമോ ഇടമോ ശബ്ദമോ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് ഇക്കൂട്ടർ കേരളീയപൊതുരംഗത്ത് സംഘടിതരായി തങ്ങളുടെ അവകാശങ്ങൾക്കായി പൊരുതുകയും ചെയ്യുന്നു. പക്ഷേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായുള്ള ഇടപെടലിനുള്ള അവസരം ഇവർക്ക് അധികമൊന്നും ലഭിച്ചിട്ടില്ല[1].

മേൽപ്പറഞ്ഞ കൂട്ടരിലധികവും ഇന്ന് ഹിംസയേയും അപമാനത്തേയും ഭയന്ന് രഹസ്യജീവിതമാണ് നയിക്കുന്നത്. ജീവിതത്തിന്റെ ഓരോ ദിവസത്തേയും പലതരത്തിലുള്ള നീക്കുപോക്കുകളിലൂടെയും ഉപായങ്ങളിലൂടെയും നേരിടേണ്ടിവരുന്ന ഗതികേടാണ് മിക്കപ്പോഴും ഈ ജനങ്ങൾ അനുഭവിക്കുന്നത്. ലൈംഗിക താത്പര്യങ്ങളിൽ മുഖ്യധാരയിൽ നിന്ന് വ്യത്യസ്തമായ അഭിരുചികൾ കാട്ടുന്നവരായ LGBQ വിഭാഗക്കാർ TGI ജനങ്ങളെ അപേക്ഷിച്ച് കുറച്ചുമാത്രം തിരസ്കരിക്കപ്പെടുന്നുള്ളൂ എന്ന് ചിലപ്പോൾ പറഞ്ഞുകേൾക്കാറുണ്ട്. കാരണം, ലൈംഗികതയെ മറച്ചുവയ്ക്കാൻ കഴിയുമല്ലോ. എന്നാൽ ഈ ധാരണ കേവലം തെറ്റാണ്. സ്വവർഗലൈംഗികതയോടുള്ള വെറുപ്പ് വ്യാപകമായ കേരളത്തിൽ സ്വന്തം ലൈംഗികതയെ മറച്ചുപിടിക്കാനായി ഇക്കൂട്ടർ നടത്തേണ്ടിവരുന്ന നിരന്തര ശ്രമം, അതിനായി ചെലവഴിക്കേണ്ടിവരുന്ന വലിയ ഊർജ്ജം, ഇതെല്ലാം വലിയ മാനസികവും ശാരീരികവുമായ പ്രത്യാഘാതമാണ്ടാക്കുന്നുണ്ട്. വിലപ്പെട്ട കഴിവും വിദ്യാഭ്യാസവുമുള്ള പലരും ഇക്കാരണത്താൽ മാത്രം ഈ നാടിനു നഷ്ടമായിട്ടുണ്ട്. അതുകൊണ്ട് പ്രത്യക്ഷത്തിൽ തന്നെ വ്യത്യസ്തരായി കാണപ്പെടുന്ന TGI ജനങ്ങളെപ്പോലെ തന്നെ ഇക്കൂട്ടരും പുറന്തള്ളലിന്റെ സങ്കടങ്ങളും നഷ്ടങ്ങളും അനുഭവിക്കുന്നു. വിദ്യാഭ്യാസത്തിലും മറ്റും തുടരാനും അതിലൂടെ സ്വയം ഉയരാനും സ്വവർഗസ്നേഹികളിൽ പലർക്കും കഴിഞ്ഞിട്ടുണ്ടെന്നത് വാസ്തവം തന്നെ. എന്നാൽ അങ്ങനെയല്ലാതെ അനേകായിരം സ്വവർഗസ്നേഹികൾ കേരളത്തിലുണ്ടെന്നതാണ് സത്യം. സ്വവർഗസ്നേഹികളിൽ താരതമ്യേന ഉയർന്ന സാമ്പത്തിക നില നേടിയവർക്ക് സർക്കാരിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾ ആവശ്യമില്ല. പക്ഷേ അവർക്കും സർക്കാരിന്റെ സംരക്ഷണവും നീതിയും സ്വവർഗഭീതിയിൽ നിന്നു മുക്തമായ ജീവിതവും ആവശ്യമാണ്. സ്വവർഗസ്നേഹികളുടെ ശരീരങ്ങളെയും പെരുമാറ്റത്തേയും പറ്റി അനവധി വാർപ്പുമാതൃകകൾ പ്രചാരത്തിലുള്ളതുകൊണ്ട് അവർക്കും ധാരാളം കായികാതിക്രമങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട് എന്നതും ഓർക്കേണ്ടതുണ്ട്.

ഈ സമ്മർദ്ദരേഖയിലൂടെ മേൽപറഞ്ഞ ജനവിഭാഗങ്ങൾക്ക് തദ്ദേശഭരണ തലവുമായി

1. ലിംഗസ്വഭാവം, ലൈംഗികത, ലിംഗതന്മകൾ (sexual characteristics, sexuality, sexual identities) എന്നിവയെപ്പറ്റി ഇന്ന് ധാരാളം ശാസ്ത്രീയഗവേഷണം നടക്കുന്നുണ്ട്. ഏതെങ്കിലും ഒരൊറ്റക്കാരണം കൊണ്ടാണ് മനുഷ്യരിൽ ഇവ ഉണ്ടാകുന്നതെന്ന് ശാസ്ത്രജ്ഞർ കരുതുന്നില്ല. ജനിതക കാരണങ്ങളും, ഹോർമോണുകൾ സൃഷ്ടിക്കുന്ന പ്രത്യേകതകളും, തലച്ചോറിന്റെ ഘടനയിലെ പ്രത്യേകതകളും സാമൂഹ്യകാരണങ്ങളുമടങ്ങിയ സങ്കീർണസാഹചര്യങ്ങളാണ് അവയ്ക്കു നിദാനമെന്ന് ഇന്ന് പണ്ഡിതലോകം പറയുന്നു. ഇതുമൂലം പല രാജ്യങ്ങളിലും ആൺ-പെൺഭേദമെന്ന ചട്ടക്കൂടിലൂടെ ലിംഗഭേദത്തെയും ലൈംഗികതയെയും കാണുന്ന രീതിയെ ഉപേക്ഷിക്കാനുള്ള നീക്കങ്ങൾ ശക്തമാണ്. മനുഷ്യർക്കിടയിൽ ഇവ രണ്ടിലധികമുണ്ടെന്ന തിരിച്ചറിവ് വ്യാപകമായിക്കൊണ്ടിരിക്കുന്നു.

സക്രിയ ഇടപെടലിനുതകുന്ന ഒരു ഇട-സ്ഥലം ഉണ്ടാക്കാൻ എങ്ങനെ കഴിയുമെന്നാണ് ഞങ്ങൾ അന്വേഷിക്കുന്നത്. മനുഷ്യരെന്ന നിലയ്ക്കും ഇന്ത്യൻ പൗരജനങ്ങളെന്ന നിലയ്ക്കും ലഭിക്കേണ്ടിയിരുന്ന പരിഗണനയും അവകാശങ്ങളും പാടെ നിഷേധിക്കപ്പെട്ട കൂട്ടരാണിവർ. കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ഇവിടെയുണ്ടായ സാമൂഹ്യമാറ്റങ്ങളുടെ ഫലമായി സൃഷ്ടിക്കപ്പെട്ട പുതിയ അശരണവിഭാഗങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, കേരളത്തിലെ വയോജനങ്ങൾ സമീപകാലത്തുമാത്രം ദൃശ്യത നേടിയവരാണ്. കേരളസമൂഹത്തിൽ ജനസംഖ്യാപരമായ വാർധക്യത്തിന്റെ പ്രശ്നങ്ങൾ വ്യക്തമായും കണ്ടു തുടങ്ങിയ കാലത്താണ് അവർ പൊതുജന ശ്രദ്ധയിലെത്തിയത്. ഇന്നാകട്ടെ വയോജനങ്ങളുടെ പ്രശ്നങ്ങളെ കുടുംബശ്രീ വഴി അഭിസംബോധന ചെയ്യാനുള്ള ശ്രമങ്ങൾ തദ്ദേശീയ തലത്തിൽ സജീവമാണ്. തദ്ദേശസ്വയംഭരണ വ്യവസ്ഥയുടെ സജീവതയുടെ തെളിവാണിത്. നമ്മുടെ സ്വയംഭരണസ്ഥാപനങ്ങളിലൂടെ ജനാധിപത്യം വിപുലമാക്കാനുള്ള സാധ്യതയാണ് ഇവിടെ തെളിയുന്നത്. ജനങ്ങൾക്കു നീതിയും ക്ഷേമവും ഉറപ്പാക്കാൻ ഏറ്റവും പ്രാപ്തിയുള്ള സർക്കാർതലം തദ്ദേശഭരണതലമാകുന്നത് ഇക്കാരണത്താലാണ്.

**പശ്ചാത്തലം**

മേൽപ്പറഞ്ഞ ജനങ്ങളുടെ അവകാശസാദ്ധ്യത്തെപ്പറ്റി ഉയർന്നുവന്നിരിക്കുന്ന ചർച്ചയുടെ പശ്ചാത്തലം ആലോചിച്ചാൽ ഏറ്റവും പ്രധാനം മൂന്നു വിഷയങ്ങൾക്കാണെന്നു പറയാം. അനേകനൂറ്റാണ്ടുകളായി സാമൂഹ്യമുഖ്യധാര ആൺ-പെൺഭേദത്തിനോട് ചേർന്നു നിൽക്കാത്ത ലൈംഗികതയവകാശപ്പെടുന്നവരെപ്പറ്റി കൊണ്ടുനടന്ന ഭീതികൾ ഇന്നുപോലും അതീവശക്തമാണെന്നതാണ് ആദ്യവിഷയം. രണ്ടാമത്തെ വിഷയം, ഇത്തരത്തിൽ പുറന്തള്ളപ്പെട്ട ജനങ്ങൾ സ്വയം സംഘടിക്കാനും ശക്തരാകാനും അറിവുനേടാനും അതു പകരാനും പൊതുസമൂഹത്തിൽ അർഹമായ ഇടവും മുഖവും ശബ്ദവും നേടാനും നടത്തിയ ശ്രമങ്ങളാണ്. ഇക്കൂട്ടരുടെ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും പൊതുചർച്ചയിലെത്തക്കാൻ സഹായിച്ച നിയമപരമായ സംഭവവികാസങ്ങളാണ് മൂന്നാമത്തേത്.

പലപ്പോഴും ട്രാൻസ് ഭീതിയെയും (transphobia) സ്വവർഗഭീതിയെയും (homophobia) പാരമ്പര്യ മനോഭാവത്തിന്റെ ഫലങ്ങളായോ, അല്ലെങ്കിൽ വിദേശ ഇറക്കുമതിയായോ ആണ് നാം കാണുന്നത്. ഇത് രണ്ടും ശരിയല്ല. കേരളത്തിലെ വിവാഹം, ലൈംഗികത മുതലായ വിഷയങ്ങളെപ്പറ്റിയുള്ള സമീപകാല ചരിത്രഗവേഷണം മറ്റൊരു ചിത്രമാണ് തരുന്നത്. ഒന്നാമതായി, ഇത്തരം ലൈംഗികതകൾ വിദേശസ്വാധീനം കാര്യമായി സ്വീകരിച്ചിട്ടില്ലായിരുന്ന സമുദായക്കാർക്കിടയിൽ നിലവിലുണ്ടായിരുന്നുവെന്ന് സൂചനകൾ പത്തൊൻപതാം-ഇരുപതാം നൂറ്റാണ്ടുകളിൽ നിന്നു തന്നെ ലഭിക്കുന്നുണ്ട്. അതായത്, വിദേശസംസ്കാരമൊന്നുമല്ല ഇതെന്നു വ്യക്തം. രണ്ടാമത്, വിവാഹത്തെപ്പറ്റിയാണെങ്കിൽ, ഇന്നു നാം കാണുന്ന തരത്തിലുള്ള വിവാഹം-അതായത്, ഒരു പുരുഷനും ഒരു സ്ത്രീയും ജീവിതകാലം മുഴുവൻ ഒരുമിച്ചു കഴിയുന്ന, സ്ത്രീ പുരുഷനേക്കാൾ താഴെ നിൽക്കുന്ന, ദാമ്പത്യവിവാഹം-താരതമ്യേന സമീപകാലത്താണുണ്ടായത്. അതിനു മുൻപ് മരുമക്കത്തായ സമുദായങ്ങളിൽ മാത്രമല്ല, മക്കത്തായസമുദായങ്ങളിലും വളരെ

വ്യത്യസ്തങ്ങളായ കുടുംബരൂപങ്ങളാണുണ്ടായിരുന്നത്. വിവാഹം രണ്ടു പുരുഷൻമാർ തമ്മിലായിരുന്ന സമുദായത്തെപ്പറ്റിയും ചരിത്രപണ്ഡിതർ രേഖപ്പെടുത്തിയിട്ടുണ്ട്. (കാണുക, കെ. പി പത്മനാഭമേനോൻ, History of Kerala, vol.3, AES Reprint, 2001, 498-500).

ഈ വിവാഹമാതൃകകൾ ഇന്നത്തെക്കാലത്തേക്കു ചേരുമോ എന്ന് ചോദ്യം പ്രസക്തം തന്നെ-അതു കൂടുതൽ വിശദമായി ചർച്ചചെയ്യാം-പക്ഷേ പരമ്പരാഗതമെന്നോ തനതെന്നോ വിളിക്കാവുന്ന അനേകവ്യത്യസ്ത രീതികൾ ഇവിടെയുണ്ടായിരുന്നുവെന്നത് തർക്കമറ്റ വസ്തുതയാണ്. ബ്രിട്ടീഷ് അധികാരികളിലൂടെ ഇവിടെ എത്തിയ വിക്ടോറിയൻ സദാചാരമൂല്യങ്ങളുടെ വ്യാപനവും അത്രന്നെ പ്രോത്സാഹിപ്പിച്ചു വളർത്തിയ ബ്രാഹ്മണ മൂല്യങ്ങൾ ഭാരതീയമൂല്യങ്ങളാണെന്ന പ്രചരണവും മൂലം ഈ വൈവിധ്യത്തെ ഉപേക്ഷിക്കാനും ഭിന്നലൈംഗികതയിൽ (heterosexuality) ഊന്നിനിൽക്കുന്ന കുടുംബത്തെ ഏകമാതൃകയായി സ്വീകരിക്കാനും നാം സന്നദ്ധരായി എന്ന് ചരിത്ര ഗവേഷണം വ്യക്തമായും സൂചിപ്പിക്കുന്നു.[2] അതായത്, ഇതോടു കൂടി മറ്റെല്ലാത്തരം ലിംഗതന്മകളെയും ലൈംഗികതകളെയും പാപമായും പ്രകൃതിവിരോധമായും ക്രിമിനൽ കുറ്റമായും കാണാമെന്നു വന്നു. കേരളത്തിലെ ആദ്യത്തെ ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വവർഗസ്നേഹികൾ വേട്ടയാടപ്പെട്ടിരുന്നതിന് തെളിവുണ്ട്.

എന്നാൽ നേരെ മറിച്ച്, ഇക്കാര്യങ്ങളിൽ ആധുനികപൂർവ കേരളം സർവതന്ത്രസ്വതന്ത്രമായിരുന്നുവെന്ന അതിശയോക്തിയിലേക്ക് നാം വീഴുകയുമരുത്. ചർച്ചാബന്ധങ്ങളിലും കുടുംബജീവിത സംബന്ധിയായ ഏർപ്പാടുകളിലും (മുകളിൽ പറഞ്ഞപോലെ) പല വ്യത്യസ്തതകളുമുണ്ടായിരുന്നെങ്കിലും പരമ്പരാഗതമലയാളിസമൂഹം ആൺ-പെൺ ബന്ധങ്ങളെത്തന്നെയാണ് മാന്യബന്ധങ്ങളായി അധികവും എണ്ണിയിരുന്നത്. അവയ്ക്ക് അപവാദമായവ എല്ലായ്പ്പോഴും അടിച്ചമർത്തപ്പെട്ടില്ലെന്നു മാത്രം. ബ്രാഹ്മണമതത്തിന്റേതായ പുരാണങ്ങളിലും മറ്റും ഭിന്നലൈംഗികമല്ലാത്ത ബന്ധങ്ങൾ ധാരാളം പരാമർശിക്കപ്പെടുന്നതുകൊണ്ട് (അയ്യപ്പന്റെ ജനനത്തെപ്പറ്റിയുള്ള കഥകളിലും മറ്റും) ബ്രാഹ്മണമതം ഭിന്നലൈംഗികമതത്തിനുള്ളിൽ കഴിയാൻ താത്പര്യപ്പെടാത്തവരോട് കൂടുതൽ കരുണ കാട്ടുന്നുവെന്ന് ചിലരെങ്കിലും പറയാറുണ്ട്. ക്ഷേത്രച്ചുവരുകളിൽ കാണുന്ന ചിത്രീകരണങ്ങളും വിക്ടോറിയൻ മൂല്യങ്ങളെ പിൻതാങ്ങുന്നവയല്ല. പക്ഷേ ഇതിൽ നിന്ന് ബ്രാഹ്മണമതത്തിൽ മറ്റു ലൈംഗികതകൾക്കും ലിംഗതന്മകൾക്കും ഇടം കൂടുതൽ ഉണ്ടായിരുന്നുവെന്ന് പറയുന്നത് കേവലം തെറ്റാണ്. കാരണം പുരാണങ്ങളിൽ അയഞ്ഞതും മാറ്റത്തിനു വിധേയവുമായ ലൈംഗികത മറ്റു യുഗങ്ങളിലും ദേവീദേവന്മാർക്കിടയിലും മാത്രം കാണുന്ന പ്രതിഭാസമാണ്. അത് അവരുടെ ദൈവീകത്വത്തിൽ നിന്ന് പ്രവഹിക്കുന്നതാണ്, അല്ലാതെ കർമ്മഫലത്തിനുള്ളിൽ കുടുങ്ങി, ജാതി-ലിംഗകാഠിന്യങ്ങൾ സഹിച്ചു ജീവിക്കേണ്ടവരായി ചിത്രീകരിക്കപ്പെടുന്ന മനുഷ്യർക്ക് അനുവദിച്ചിട്ടുള്ള സാധ്യത അല്ല. അങ്ങനെ നോക്കിയാൽ ഭൂതകാലത്തിൽ ഇവിടുത്തെ ഹിന്ദുസമൂഹത്തിലും മുസ്ലീം സമൂ

2 ട്രാൻസ്ജെൻഡർ ജനങ്ങളെ ഭിന്നലിംഗക്കാർ എന്നു വിളിക്കുന്ന രീതി സാധാരണമാണെങ്കിലും അതു തെറ്റാണ്, അപമാനകരമാണ്. ഭിന്നലൈംഗികതയെന്നാൽ ആൺ-പെൺ എന്ന ഭേദത്തെ സനാതനസത്യമായി കാണുന്ന കാഴ്ചപ്പാടിൽ ഉറച്ചുനുൽക്കുന്ന ലൈംഗികതാസങ്കൽപമാണ്.

ഹത്തിലും മറ്റു ലൈംഗികതകളുടെ സാന്നിധ്യം ദൃശ്യമായിരുന്നു. പക്ഷേ അവയിൽ ആൺ-പെൺ ബന്ധങ്ങൾ തന്നെയാണ് അധികവും മാന്യമായി കരുതപ്പെട്ടത്. എന്നാൽ മറ്റു ലൈംഗികതകൾക്ക് അൽപമെല്ലാം ഇടം ലഭിക്കാനിടയാക്കിയ ചില വിശാലസാഹചര്യങ്ങളും അന്നുണ്ടായിരുന്നു. ഉദാഹരണത്തിന് ആണുങ്ങളെയും പെണ്ണുങ്ങളെയും വ്യക്തമായും വേർതിരിച്ചു നിർത്തിയ സാമൂഹ്യ ഏർപ്പാടുകൾ. പൊതുവെ സന്താനങ്ങൾ ധാരാളമായിരുന്നതുകൊണ്ട് അവരിൽ എല്ലാപേരും വിവാഹം കഴിച്ച് കുട്ടികളെ ഉണ്ടാക്കേണ്ടിയിരുന്നില്ല, കുടുംബം നിലനിർത്താൻ. പക്ഷേ കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിലുള്ളതു പോലെ TGI ജനങ്ങളിലെ ചില വിഭാഗങ്ങളുടെ ദൃശ്യത ഇല്ലായിരുന്നു. അതിനു സഹായകമായ രാജകൊട്ടാര-അന്ത:പുരസംസ്കാരം ഇവിടെയില്ലായിരുന്നുവെന്നതാണ് ഇതിന് ഒരു കാരണം.

ബ്രിട്ടീഷ്ഭരണകാലത്ത് മുൻപുണ്ടായിരുന്ന പരിമിത ഇടം പോലും ഇക്കൂട്ടർക്കു നഷ്ടമായി. ബ്രിട്ടീഷ് സർക്കാർ നീതിന്യായവ്യവസ്ഥയിൽ ഉൾപ്പെടുത്തിയ പ്രകൃതിവിരോധ നിയമം ഇന്ത്യൻ പീനൽകോഡിലെ സെക്ഷൻ 377-എല്ലാവരേയും ഒളിവിലാക്കി. സ്വാതന്ത്ര്യത്തിനു ശേഷവും ഈ നിയമം തുടർന്നും അംഗീകരിക്കപ്പെട്ടു.ഇതോടൊപ്പം TGI ജനങ്ങളുടെ ദൃശ്യതയും മാന്യമായ ജീവിതമാർഗങ്ങളും കുറഞ്ഞുകുറഞ്ഞു വന്നു. കടുത്ത ദാരിദ്ര്യത്തിലേക്കും സാമൂഹ്യമായ ഒറ്റപ്പെടലിലേക്കും അവർ വീണു.

ഈ അവസ്ഥയോട് പ്രത്യക്ഷമായി പൊരുതാനും തങ്ങളുടെ അവകാശങ്ങൾക്കായി സംഘടിതമായി മുന്നോട്ടുപോകാനും ഇക്കൂട്ടർ തയ്യാറായത് സമീപകാലത്തു മാത്രമാണ്. 1990കളിൽ ആഗോളതലത്തിൽ എയ്ഡ്സ് രോഗഭീതി പടർന്നപ്പോൾ രോഗനിവാരണത്തിനും നിയന്ത്രണത്തിനുമായി സൃഷ്ടിക്കപ്പെട്ട സംഘങ്ങളിലൂടെയാണ് ഇവർ ആദ്യം ദൃശ്യരായത്. അതിനുശേഷം ദേശീയ-പ്രാദേശികതലങ്ങളിൽ സംഘടിതശക്തിയായി മാറുകയും പ്രചരണം ശക്തമാവുകയും ചെയ്തതോടെ നിയമവ്യവസ്ഥയിൽ ചലനങ്ങളുണ്ടാക്കാനും ഇവർക്കു കഴിഞ്ഞു. 2009ൽ ഡൽഹി ഹൈക്കോടതി സെക്ഷൻ 377 ഇന്ത്യൻ ഭരണഘടനയുടെ 21,14,15 വകുപ്പുകൾക്ക് വിരുദ്ധമാണെന്ന് വിധിച്ചു. പ്രായപൂർത്തിയായ വ്യക്തികൾ സ്വകാര്യവും ഉഭയസമ്മതപ്രകാരവും നടത്തുന്ന ലൈംഗികപ്രവൃത്തികളെ കുറ്റകൃത്യമാക്കുന്നത് നീതിയല്ലെന്ന തിരിച്ചറിവിൽ നിന്നായിരുന്നു ഇത്. സുപ്രീം കോടതി 377-ാം വകുപ്പിനെ പിന്നീട് പുനഃസ്ഥാപിച്ചെങ്കിലും ഈ വിഷയങ്ങളെക്കുറിച്ചു തുറന്ന ചർച്ച ഇതോടുകൂടി ശക്തമായി. ഈ വകുപ്പിനെതിരെ അഭിപ്രായരൂപികരണം ശക്തമാവുകയും ചെയ്തു.ഇക്കാലമായപ്പോഴേയ്ക്കും കേരളത്തിലും ഇന്ത്യയിലും പല നഗരങ്ങളിലും സ്വാഭിമാന മാർച്ചുകൾ (Pride Marches) ഈ വിഭാഗക്കാർ സംഘടിപ്പിച്ചുതുടങ്ങിയിരുന്നു. ഇങ്ങനെ വിപുലമായിക്കൊണ്ടിരുന്ന പൊതുദൃശ്യത സിനിമയിലും സാഹിത്യത്തിലും പ്രകടമായിത്തുടങ്ങി- സ്വവർഗസ്നേഹത്തോട് വെറുപ്പു കാട്ടാത്ത രചനകൾ കണ്ടുതുടങ്ങി. ഫാസിസത്തിനും സദാചാരപോലീസിങ്ങിനെതിരെയും അരങ്ങേറിയ സമരങ്ങൾ പലതും ഈ ജനങ്ങളെ അംഗീകരിക്കാൻ തയ്യാറായി. സുപ്രീം കോടതി 2014 ഏപ്രിൽ 15ന് പുറപ്പെടുവിച്ച വിധിപ്രകാരം ട്രാൻസ്ജെന്റർ TGI ജനങ്ങൾക്ക് തുല്യാവകാശങ്ങളും തുല്യപരിരക്ഷയും വാഗ്ദാനം ചെയ്യപ്പെട്ടു. വകുപ്പുകൾ 142,153,164 പ്രകാരം ലിംഗപരമായ വിവേചനത്തിൽ നിന്നുള്ള രക്ഷയാണ് നൽകപ്പെട്ടത്. ഭരണഘടന

യുടെ 14,15 വകുപ്പുകളിൽ ഉപയോഗിച്ചിരിക്കുന്ന ലിംഗമെന്ന സങ്കൽപത്തെ വികസിപ്പിക്കാനാണ് കോടതി തുനിഞ്ഞത്. ആൺ, പെൺ എന്നതു കൂടാതെ മൂന്നാമതായി TGI കൂടി ചേർക്കാനായിരുന്നു നിർദ്ദേശം (ആ വിഭാഗക്കാർ മൂന്നാം ലിംഗം എന്ന പ്രയോഗത്തെ സ്വീകരിക്കുന്നില്ല, പക്ഷേ). ഇതോടെ സ്വന്തം തന്മ (identity) സ്വയം തീരുമാനിക്കാനുള്ള അവകാശവും ലിംഗവിവേചനത്തിൽ നിന്നുള്ള സുരക്ഷയും ഇന്ത്യൻ പൗരജനങ്ങൾക്കു ലഭിക്കേണ്ട സർവ അവകാശങ്ങളും അവർക്കു കൈവരുന്നു. TGI ജനങ്ങൾക്ക് നിയമപരമായ അംഗീകാരം ഉറപ്പാക്കാനും അവരെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ജനങ്ങളായി പരിഗണിച്ചുകൊണ്ട് വിദ്യാഭ്യാസത്തിലും തൊഴിലിലും സംവരണമേർപ്പെടുത്താനും കോടതി കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് നിർദ്ദേശിച്ചു. കേരളം TGI ജനങ്ങൾക്കായി ഒരു നയരേഖ തയ്യാറാക്കിയ (12 നവംബർ 2015) ആദ്യ സംസ്ഥാനമായി.

എന്നാൽ സുപ്രീം കോടതിവിധിക്കു മുൻപു തന്നെ കേരളസർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പ് TGI ജനങ്ങളോടു പുരോഗമനപരമായ നയം സ്വീകരിക്കുകയും അവരുടെ ആവശ്യങ്ങളെയും മുൻഗണനകളെയും ജീവിതത്തിന്റെ സാമൂഹ്യ-സാമ്പത്തികവശങ്ങളെയും പറ്റി അന്വേഷിച്ച വിപുലമായ ഒരു സർവ്വേയ്ക്കു രൂപം നൽകിയിരുന്നു. സ്വന്തം ശരീരം, പൗരാവകാശങ്ങൾ, സ്വാഭിമാനം, ആരോഗ്യസേവനങ്ങളുടെ ലഭ്യത, ആത്മഭിമാനത്തോടെയും ഭയം കൂടാതെയും ജീവിക്കാനുള്ള സാദ്ധ്യത ഇവയെക്കുറിച്ചുള്ള ചോദ്യങ്ങളടങ്ങിയ വിശദമായ ചോദ്യാവലിയാണ് ഉപയോഗിക്കപ്പെട്ടത്. പ്രതീക്ഷകൾ, മുൻഗണനകൾ, ആവശ്യങ്ങൾ എന്നിവയെപ്പറ്റിയറിയാനുള്ള പൊതുവായ ചോദ്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. അംഗീകൃതഗവേഷണ രീതിശാസ്ത്രപ്രകാരം കണക്കാക്കിയാൽ 25,000 TGI വ്യക്തികളെങ്കിലും കേരളത്തിലുണ്ടാകും എന്നായിരുന്നു ഇതിൽ നിന്നുണ്ടായ അനുമാനം. TGI ജനങ്ങൾ 80 പേർ നിരവധി മാസങ്ങളെടുത്ത് നടത്തിയ ഈ സർവ്വേ ചില്ല, സംഗമ എന്നീ സംഘടനകളുടെ സഹായത്തോടെയാണ് നടന്നത്. ഇതിലൂടെ 4000 TGI വ്യക്തികളെ കണ്ടെത്താനും ഏകദേശം 3600 പേരുടെ വിവരങ്ങൾ ശേഖരിക്കാനും കഴിഞ്ഞു. ഈ വിഭാഗക്കാർ സഹിച്ചുവരുന്ന കൊടിയ അനീതികളിലേക്ക് വെളിച്ചം വീശുന്ന കണ്ടെത്തലുകളാണ് ഇതിൽ നിന്നുണ്ടായത്. ഉദാഹരണത്തിന്, വിവരം നൽകിയവരിൽ 68 ശതമാനം വ്യക്തികളും ആത്മഹത്യയ്ക്കു ശ്രമിച്ചവരാണ്. എല്ലാവിധത്തിലും ദുരിതമനുഭവിക്കുന്നവരുടെ ചിത്രമാണ് ഇതിൽ നിന്നുയരുന്നത് എന്നുതന്നെയുമല്ല ജനാധിപത്യസ്ഥാപനങ്ങൾ അവർക്കു തീർത്തും അന്യമാണെന്നും വ്യക്തമാകുന്നു. ഈ വിവരങ്ങളിലൂടെ കേരളത്തിലെ ഏറ്റവും ദരിദ്രരായ ജനവിഭാഗങ്ങളിലൊന്നാണിവരെന്ന് സംശയമില്ലാത്തവിധം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവർ ഏറ്റവുമധികം ചെയ്യുന്ന തൊഴിലുകളിൽനിന്നുള്ള വരുമാനം വച്ചു നോക്കിയാൽ ഭൂരിഭാഗവും കേരളം അംഗീകരിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. 75 ശതമാനം പേർക്കും തൊഴിൽസ്ഥലത്ത് സ്വന്തം തന്മ മറച്ചുപിടിക്കേണ്ടിവന്നിട്ടുണ്ട്, ഹിംസയെയും പിരിച്ചുവിടലിനെയും ഭയപ്പെട്ടതുകൊണ്ട്. പത്താം ക്ളാസിൽ എത്തുംമുമ്പ് ശല്യങ്ങൾ സഹിക്കവയ്യാതെ വിദ്യാഭ്യാസമുപേക്ഷിച്ചവർ 59 ശതമാനമാണ്. ലൈംഗികഹിംസയും അപമാനിക്കലും മറ്റും അനുഭവിച്ചവരാണ് ബഹുഭൂരിപക്ഷവും. പൊതുസ്ഥലങ്ങളിലേക്കുള്ള പ്രവേശമില്ലായ്മയും തിരിച്ചറിയൽരേഖകളുടെ കുറവും അവരെ പൊതുവിടത്തു നിന്നും അകറ്റി

നിർത്തുന്നു. ഇതെല്ലാം സർവ്വെയിൽ സുവ്യക്തമാണ് (sjd.kerala.gov.in/DOCUMENTS/Report/Survey%20Report/12157.pdf).

ഈ സർവ്വേ ഏറെ ചർച്ചകൾക്കിടയാക്കിയെങ്കിലും,പൊതുവേ മറ്റു തരം ലിംഗതന്മകളെക്കുറിച്ചും ലൈഗിംകതകളെക്കുറിച്ചുമുള്ള ചർച്ച കേരളത്തിലാരംഭിച്ചത് ഈ ജനങ്ങളുടെ സംഘടനകൾ നടത്തിയ പൊതുപ്രവർത്തനങ്ങളുടെ ഫലമായിക്കൂടിയാണ്. എയ്ഡ്സ് നിവാരണപ്രവർത്തനം ലൈംഗികന്യൂനപക്ഷങ്ങളെയും TGI ജനങ്ങളെയും ഉപയോഗിച്ചെങ്കിലും അവരുടെ യഥാർത്ഥ ആത്മപ്രകാശനം അവ അനുവദിച്ചില്ല. പഴയതും പുതിയതുമായ നിരവധി സംഘടനകൾ ഈ ദൗത്യമേറ്റെടുത്തു. സ്വവർഗസ്നേഹികളായ സ്ത്രീകൾ ആത്മഹത്യ ചെയ്ത സംഭവങ്ങളെ രേഖപ്പെടുത്താൻ സഹയാത്രിക എന്ന സംഘടന മുന്നോട്ടുവന്നതാണ് ഈ ചർച്ചയെ സജീവമാക്കിയത്.ലൈംഗികന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന മർദ്ദനത്തിനെതിരെ ശബ്ദമുയർത്തുക കൂടാതെ അവരെ കുറിച്ചുള്ള തെറ്റിദ്ധാരണകളും മോശമായ ചിത്രീകരണങ്ങളും ചൂണ്ടിക്കാട്ടാനും സംഘടനകളും പ്രമുഖ പ്രവർത്തകരും മുൻകൈ എടുത്തു. എന്നാൽ സാംസ്കാരികരംഗത്തും പൊതുചർച്ചകളിലും വാർപ്പുമാതൃകകളും തെറ്റിദ്ധാരണകളും വ്യാപകമായതുകൊണ്ട് ഇവിടെ ഇനിയും സജീവ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. സഹയാത്രിക, ക്വിയറള (Sahayatrika,Queerala) മുതലായ സംഘടനകൾ നടത്തിയിട്ടുള്ള അന്വേഷണങ്ങളിൽ നിന്ന് ഈ വിഭാഗക്കാർ എണ്ണത്തിൽ തീരെ കുറവല്ലെന്നു തന്നെ കരുതാവുന്നതാണ്. (ഈ സംഘടനകളെക്കുറിച്ചും അവയുടെ പ്രവർത്തനത്തെപ്പറ്റിയും രേഖകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.) മാത്രമല്ല, തങ്ങളുടെ ലൈംഗികാഭിമുഖ്യം മൂലം നേരിടേണ്ടി വന്ന അതിക്രമങ്ങളും അപമാനവും സഹിക്കവയ്യാതെ വിദ്യാഭ്യാസമുപേക്ഷിച്ചവരും നാടുവിട്ടുപോയവരും ശാരീരികവും മാനസികവെല്ലുവിളികൾ നേരിടുന്നവരുമാണ് ഇവരിൽ വലിയൊരു വിഭാഗമെന്നും ഈ സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങളിൽ നിന്ന് വ്യക്തമാണ്.

അതുകൊണ്ട് നാം മനസ്സിലാക്കേണ്ട കാര്യമിതാണ്. LGBTQI ജനങ്ങൾ എണ്ണത്തിൽ കുറവല്ല. മറിച്ച് വ്യാപകമായ ഹിംസയും അടിച്ചമർത്തലും മൂലം നിശബ്ദരാക്കപ്പെട്ടവരത്രെ അവർ. അതുകൊണ്ട് ഇക്കൂട്ടർക്ക് സമൂഹത്തിൽ തുല്യപൗരജനങ്ങളാകാനുള്ള സാഹചര്യം സൃഷ്ടിക്കാൻ അധികാരികൾ ബാദ്ധ്യസ്ഥരാണ്. ഇന്ന് പരസ്യമായി തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ പരിശ്രമിക്കുന്ന ഘഏആഠഝക ജനങ്ങൾ എണ്ണത്തിൽ കുറവായിരിക്കാം. പക്ഷേ അനുകൂലസാഹചര്യമൊരുക്കിയാൽ ഇക്കൂട്ടർ കൂടുതൽക്കൂടുതൽ ശാക്തീകരിക്കപ്പെടുമെന്നും, പൊതുജീവിതത്തിൽ പങ്കാളികളാകാൻ മുന്നോട്ടുവരുമെന്നും തീർച്ചയാണ്.

ജനസംഖ്യാപരിണാമത്തിലൂടെ കടന്നുപോയിക്കഴിഞ്ഞ ഓരോ കുടുംബത്തിലും ഒന്നോ രണ്ടോ മാത്രം കുട്ടികളുള്ള സമൂഹമാണ് ഇന്ന് കേരളം. ഈ സാഹചര്യത്തിൽ വ്യവസ്ഥാപിതലിംഗമൂല്യങ്ങൾക്കു കീഴ്വഴങ്ങി ജീവിക്കാൻ ചെറുപ്പക്കാർ നിർബന്ധിതരാകാനുള്ള സാദ്ധ്യത വളരെ വലുതാണ്. പതിവു-പരിചിത രീതിയിൽ വിവാഹബന്ധത്തിലേർപ്പെട്ട് ജീവിക്കാൻ സ്വവർഗസ്നേഹികളായ മനുഷ്യർക്ക് പ്രയാസമാണെങ്കിലും കുടുംബസമ്മർദ്ദങ്ങൾക്കും, പലപ്പോഴും നഗ്നമായ ഹിംസയ്ക്കും മുന്നിൽ അവരിൽ

പലർക്കും മുട്ടുമടക്കേണ്ടി വന്നിട്ടുണ്ട്. ഇതു മൂലം കുടുംബങ്ങളിൽ നിന്നും കേരളത്തിൽ നിന്നു തന്നെയും ചെറുപ്പക്കാർക്ക് മാറിനിൽക്കേണ്ടിവരുന്നത് വൃദ്ധസമൂഹമായി മാറിക്കൊണ്ടിരിക്കുന്ന ഈ നാടിന് ഒട്ടും ഹിതകരമല്ല. TGI സർവ്വേയുടെ പരിമിതികൾ കണക്കിലെടുത്തുകൊണ്ടുതന്നെ പറയാം, പൊതുഇടപെടലിനു തയ്യാറുള്ളവരെന്ന് അധികവും വിലയിരുത്താവുന്ന ട്രാൻസ്ജെന്റർ വ്യക്തികളിൽ വിവരങ്ങൾ തരാൻ സന്നദ്ധരായവരിൽ വലിയൊരു ശതമാനം നാൽപതു വയസ്സിൽ താഴെയുള്ളവരാണ്. ചെറുപ്പക്കാരുടെ കഴിവുകളും ശക്തിയും കഴിവതും നാട്ടിൽ പിടിച്ചുനിർത്തേണ്ടതുണ്ടെന്നതുകൊണ്ട് ഇവർക്കെതിരെയുള്ള ഭീതികളെ അകറ്റുന്ന പൊതുവിദ്യാഭ്യാസ പരിശീലനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തദ്ദേശസ്വായംഭരണസ്ഥാപനങ്ങൾക്കു ബാദ്ധ്യതയുണ്ട്. പൂർണപൗരത്വത്തിലേക്ക് അവരെ ആനയിക്കുന്നത് കേരളീയസമൂഹത്തിന്റെ മുഴുവൻ ആവശ്യമാണ്.

മേൽസൂചിപ്പിച്ച സുപ്രീം കോടതിവിധി നിർദ്ദേശിച്ചതുപോലെ TGI വിഭാഗക്കാർക്കായി കേരളസർക്കാർ പുറപ്പെടുവിച്ച നയപ്രകാരം ഈ ജനങ്ങൾക്കു തുല്യതയും തുല്യസംരക്ഷണവും വിവേചനമില്ലാത്ത ജീവിതവും ഉന്നംവച്ചിരിക്കുന്നു. ഈ നയത്തിന് മൂന്നു ലക്ഷ്യങ്ങളാണുള്ളത് (കേരളസർക്കാർ TGI നയത്തിന്റെ പൂർണരൂപം കാണാൻ നോക്കുക: https://kerala.gov.in/documents/10180/46696/state%20policy%20for%Transgenders%20in%20kerala%202015):

- സ്ത്രീകൾ, പുരുഷന്മാർ, ട്രാൻസ്ജെന്റർ വ്യക്തികൾ എന്നിവർക്ക് വികസന അവസരങ്ങൾ, വിഭവങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ തുല്യമായി ലഭിക്കുന്ന നീതിപൂർവമായ സമൂഹം.
- ആത്മാഭിമാനത്തോടെ എല്ലാ കാര്യങ്ങളിലും ആത്മപ്രകാശനം നടത്താനുള്ള അവകാശം.
- സ്വന്തം ജീവിതത്തെയും കൂട്ടായ്മയെയും അവസ്ഥയെയും കാര്യമായി ബാധിക്കുന്ന മുഖ്യതീരുമാനങ്ങളിൽ, വികസനതീരുമാനങ്ങളിൽ, തുല്യമായ ശബ്ദവും പങ്കാളിത്തവും.

ഇപ്പോൾ കേരളസർക്കാർ കേരളനിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ബ്രിട്ടീഷ് ഭരണബാക്കിയായ 377-ാം വകുപ്പിനെ റദ്ദാക്കാനൊരു കരടുനിയമം തയ്യാറാക്കി വരുന്നു. LGBQ വിഭാഗക്കാർക്കും തുല്യാവകാശങ്ങൾ ലഭിക്കുന്നതിന്റെ മുന്നോടിയാണിത്. കേരളസർക്കാർ ഈ വിഭാഗക്കാർക്കു കൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന്റെ സാദ്ധ്യത കണക്കിലെടുത്തും ഈ സമ്മർദ്ദരേഖ ഇവരുടെ എല്ലാ താത്പര്യങ്ങളെ പരിഗണിക്കാൻ ശ്രമിക്കുകയും ഇവരെ മുഴുവൻ പൊതുവേ ഒരൊറ്റ ജനമായി കരുതുകയും പ്രത്യേകസന്ദർഭങ്ങളിൽ ആവശ്യം പോലെ ആന്തരികവ്യത്യസ്തതകൾക്കു പ്രാധാന്യം കൊടുക്കുകയും ചെയ്യാൻ ഞങ്ങൾ ശ്രമിക്കുന്നു. LGBQ ജനങ്ങളെ സംബന്ധിക്കുന്ന പ്രവർത്തനനിർദ്ദേശങ്ങൾ അധികവും സ്വവർഗ്ഗഭീതിയ്ക്കെതിരെയുള്ള പ്രവർത്തനം, ഹിംസയിൽ നിന്നും ബലപ്രയോഗങ്ങളിൽ നിന്നുമുള്ള രക്ഷ, ലൈംഗിക വൈവിദ്ധ്യത്തെപ്പറ്റിയുള്ള പൊതുവിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്നവയാണ്. ഈ ജനങ്ങൾക്ക് നിയമപരമായ അംഗീകാരം ലഭിക്കാനുള്ള പ്രക്രിയ പൂർത്തിയായി

ട്ടില്ലാത്തതുകൊണ്ടു മാത്രമാണിത്.

**കേരളത്തിലെ തദ്ദേശീയസ്വയംഭരണവ്യവസ്ഥയിലൂടെ അവകാശസ്ഥാപനവും മുൻവിധികളുടെ നശീകരണവും**

കേരളത്തിലെ വികേന്ദ്രിതമായ ഭരണാന്തരീക്ഷം കണക്കിലെടുത്താൽ മുകളിൽ നിന്ന് താഴേയ്ക്കു പ്രവഹിക്കുന്ന നയരേഖകളും മറ്റും ആവശ്യമാണെങ്കിലും അവ പര്യാപ്തങ്ങളല്ല എന്നു കാണാം. നയരേഖകളിലൂടെ പലതിനും ജനങ്ങൾക്കിടയിൽ കൂടുതൽ വ്യാപകമായ അംഗീകാരം ലഭിക്കുമെന്നത് വാസ്തവം തന്നെ. അത് ബന്ധപ്പെട്ട പല നടപടികൾക്കും നല്ലൊരു ചട്ടക്കൂടാകുമെന്നതിലും സംശയമില്ല.

**സർക്കാർ അംഗീകരിച്ച TGI നയത്തിന്റെ നടപ്പാക്കൽ വളരെ ശോച്യാവസ്ഥയിലാണെന്ന് ഞങ്ങൾ ആദ്യമേ വ്യക്തമാക്കുന്നു. മാറിവന്ന സർക്കാരുകൾ താത്പര്യം കാണിച്ചിട്ടുണ്ടെങ്കിലും അത് ഇഴഞ്ഞാണ് നീങ്ങുന്നതെന്ന് ഖേദപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. അതിനാൽ TGI നയം എത്രയും വേഗത്തിൽ, ഫലപ്രദമായി, ചട്ടസംബന്ധിയായ തടസ്സങ്ങൾ അതിവേഗം പരിഹരിച്ചു നടപ്പാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.**

എന്നാൽ നയം നടപ്പാക്കൽ ഈവിധമാകാനൊരു കാരണം അത് മുകളിൽ നിന്നു താഴേയ്ക്കു പ്രവഹിക്കുന്ന അഥവാ ഉന്നതാധികാരികളുടെ മേൽക്കൈയിൽ നടപ്പിലാകേണ്ട, നയമാണെന്നതാണ്. പൊതുജനമനഃസ്ഥിതി തന്നെ മാറേണ്ടിവരുമെങ്കിൽ താഴെ നിന്നു മുകളിലേക്കുയരുന്ന രീതി സ്വീകരിക്കേണ്ടതായിട്ടുണ്ട്. TGI നയത്തിന്റെ രണ്ടു വർഷത്തെ അനുഭവംകൊണ്ട് ഇതു വ്യക്തമായിക്കഴിഞ്ഞു. ഈ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ഒരു മുഖ്യമാർഗ്ഗം LGBTQI ജനങ്ങളെ തദ്ദേശസമൂഹത്തിലെ തുല്യ അംഗങ്ങളായി ഉൾച്ചേർക്കാൻ ആവശ്യമായ വ്യവസ്ഥകൾ, പ്രക്രിയകൾ, പരിപാടികൾ എന്നിവയെ പഞ്ചായത്തുതലത്തിൽ സ്ഥാപനവത്കരിക്കലാണ്. തദ്ദേശഭരണഘടകമായ ഗ്രാമസഭ മുതലുള്ള സ്ഥാപനങ്ങൾ ഇതിലുൾപ്പെടും. ഇക്കൂട്ടർക്കെതിരെ കാര്യമായ മുൻവിധികൾ നിലനിൽക്കുന്ന സ്ഥലങ്ങളാകാം ഇവ. എങ്കിലും സ്ഥാപനവത്ക്കരണവും മുഖ്യധാരാസമൂഹവുമായുള്ള നിരന്തരസംവാദങ്ങളും മാത്രമേ ഇക്കൂട്ടരുടെ പൂർണാവകാശസ്ഥാപനത്തിലേക്കുള്ള വഴി തെളിക്കൂ. ഈ പ്രക്രിയയെ സഹായിക്കാനായി ഈ ജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും മുന്നോട്ടുവയ്ക്കാനും അവയെ പ്രായോഗികമായി നേടിയെടുക്കാനും ഉതകുന്ന ഒരു ഇട-സ്ഥലം സൃഷ്ടിക്കുകയാണ് വേണ്ടത്. ഈ സമ്മർദ്ദരേഖ അതിലേയ്ക്കുള്ള ഒരു ചുവടാണ്. താഴെ നിന്നും മുകളിലേക്കുള്ള ഈ രീതി ഒരു പക്ഷേ കൂടുതൽ കാര്യക്ഷമവുമാണ്.

കേരള സർക്കാർ TGI ജനങ്ങളുടെ ദൃശ്യതയെ പ്രോത്സാഹിപ്പിക്കുന്ന പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ഏതാനും നാൾ മുൻപു നടന്ന TGI  കായികമേള ഒരുദാഹരണമാണ്. ഇന്ന് ട്രാസ്ജെന്റർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്താനും ബജറ്റിൽ ഈ വിഭാഗക്കാർക്ക് പെൻഷൻ നൽകാൻ പത്തു കോടി മാറ്റിവയ്ക്കാനും സർക്കാർ തയ്യാറായിരിക്കുന്നു. യു ഡി.എഫ് സർക്കാരും 2016 ൽ TGI ജനങ്ങൾക്കായി തുക നീക്കിവച്ചത് മാറി വരുന്ന ഭരണത്തിലും ഇക്കൂട്ടർ ശ്രദ്ധിക്കപ്പെടുന്നുവെന്നതിനു തെളിവാണ് (ആ തുക

ഇക്കൂട്ടർക്ക് ഉതകുംവിധം ഉപയോഗിക്കപ്പെട്ടില്ലെങ്കിലും). തദ്ദേശതല ആസൂത്രണത്തിനായി തയ്യാറാക്കിയിരിക്കുന്ന മാർഗരേഖയിൽ തദ്ദേശസർക്കാരുകൾ TGI ജനങ്ങൾക്കു പ്രയോജനപ്പെടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീയുടെ മുൻകൈയിൽ ഇക്കൂട്ടരുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കപ്പെടുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഇത്രകാലവും പാർശ്വവത്കൃതരായിരുന്ന ഈ ജനങ്ങൾക്ക് തുല്യപൗരത്വം നേടാൻ അനുകൂലമായ അന്തരീക്ഷം ഇവിടെ സംജാതമായിക്കൊണ്ടിരിക്കുന്നുവെന്നു തന്നെ പറയാം.

തദ്ദേശസർക്കാരുകൾക്ക് ഈ ജനങ്ങളെ തങ്ങളുടെ പരിപാടികളിലും പ്രവർത്തനങ്ങളിലും പങ്കാളികളാക്കാനും അതുവഴി അവരുടെ ആവശ്യങ്ങളും അവകാശങ്ങളും ലഭ്യമാക്കാനും സഹായിക്കുന്ന ഒരു ചട്ടക്കൂടാണ് താഴെ അവതരിപ്പിക്കുന്നത്. കൂടുതൽ ജനങ്ങളെ ഉൾച്ചേർക്കുന്നതായ ഒരു സ്ഥാപന - ചട്ടക്കൂട് തദ്ദേശതലങ്ങൾക്കായി നിർദ്ദേശിക്കാനും ഞങ്ങൾ ശ്രമിക്കുന്നു. തിരുവനന്തപുരത്ത് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ തദ്ദേശ ഭരണ ഗവേഷണയൂണിറ്റ് മാർച്ച് 2017 ൽ നടത്തിയ കൂടിച്ചേരലുകളിൽ പങ്കെടുത്ത LGBTQI വിഭാഗങ്ങളിൽ നിന്നുള്ള പ്രവർത്തകരും, ഗവേഷകരും നയകർത്താക്കളും നയനിർമ്മാണവിദഗ്ദ്ധരും അടക്കമുള്ളവർ ഉന്നയിച്ച ആശയങ്ങളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് ഈ സമ്മർദ്ദരേഖ രചിച്ചിട്ടുള്ളത്. ഈ രേഖയെ LGBTQI ജനങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് നേരിട്ടിടപഴകാനുള്ള വഴിയായി മാറ്റുകയാണ് നമ്മുടെ ലക്ഷ്യം. ഈ ജനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളെ നേരിട്ടു സമീപിക്കാനും പദ്ധതികളുടെ നിർമ്മാണത്തിലും നടത്തിപ്പിലും സ്വയം പങ്കുചേരാനും ഈ ചട്ടക്കൂടിലൂടെ സാധിക്കുമെന്ന് ഞങ്ങൾ കരുതുന്നു.

മുൻപറഞ്ഞ ചർച്ചയിൽ പങ്കെടുത്ത LGBTQI ജനപ്രതിനിധികളിൽ നിന്ന് ഉയർന്നു വന്ന മുഖ്യ ആവശ്യങ്ങൾ, ലക്ഷ്യങ്ങൾ അല്ലെങ്കിൽ മുൻഗണനകൾ നാലായിരുന്നു.

- അതിക്രമവും ഹിംസയും സഹിക്കാതെ ആത്മാഭിമാനത്തോടെയുള്ള ജീവിതം
- ആരോഗ്യ - വിദ്യാഭ്യാസ - സാമൂഹ്യസുരക്ഷാവിഭവങ്ങളുടെ മേൽ തുല്യഅവകാശവും പ്രാപ്യതയും
- സാമ്പത്തികവിഭവങ്ങൾക്കും അവസരങ്ങൾക്കും മേൽ തുല്യാവകാശവും പ്രാപ്യതയും
- തങ്ങളെ ബാധിക്കുന്ന എല്ലാ തീരുമാനങ്ങളിലും തുല്യശബ്ദവും പങ്കാളിത്തവും

ഇവയെ ആസ്പദമാക്കി ഞങ്ങൾ **മാനവ-വൈവിദ്ധ്യ-സൗഹൃദ തദ്ദേശഭരണസ്ഥാപനം** എന്ന ആശയം മുന്നോട്ടു വയ്ക്കുന്നു. ഇതുകൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന രണ്ടു പ്രത്യേകതകൾ ഉണ്ടായിരിക്കും.

1) LGBTQI ജനങ്ങൾക്ക് സുരക്ഷിതവും സ്ഥിരതയാർന്നതുമായ ഇടം, സേവനങ്ങളുടെ തുല്യപ്രാപ്യത, തദ്ദേശസമൂഹത്തിന്റെ പൊതുകാര്യങ്ങളിൽ ക്രിയാത്മകമായ പങ്കാളിത്തം എന്നിവ ഉറപ്പുവരുത്താനുള്ള പ്രാതിനിധ്യം, ഘടനകൾ, വ്യവസ്ഥകൾ തുടങ്ങിയവ സ്ഥാപനവത്കരിക്കാൻ തയ്യാറായിരിക്കുക.

2) ഇന്ത്യൻ ഭരണഘടനപ്രകാരം ഉറപ്പാക്കിയിരിക്കുന്ന തുല്യമായ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക അവകാശങ്ങൾ LGBTQI ജനങ്ങൾക്കും ലഭ്യമാണെന്നതിനെക്കുറിച്ചുള്ള അവബോധത്തെ സജീവമായും ക്രിയാത്മകമായും പൊതുജനങ്ങൾക്കും തദ്ദേശതലത്തിലുള്ള അധികാരികളടക്കമുള്ള മറ്റു വിഭാഗങ്ങൾക്കും പകർന്നു നൽകുന്നവയായിരിക്കുക.

ഈ ലക്ഷ്യം നേടാൻ താഴെപ്പറയുന്ന ആറു തരം ഇടപെടലുകൾ ആവശ്യമാണെന്ന് ഞങ്ങൾ കരുതുന്നു.

1) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും ഈ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവരോടുള്ള പെരുമാറ്റത്തിൽ പാലിക്കേണ്ട മര്യാദകളെപ്പറ്റിയും ആഴത്തിലുള്ളതും അനുകൂലവുമായ അവബോധം സൃഷ്ടിക്കുക. ഇത് തദ്ദേശഭരണസംവിധാനത്തിനുള്ളിൽ തന്നെ സ്ഥാപനവത്കരിക്കുക. തദ്ദേശ ആസൂത്രണത്തിലും ഈ അവബോധത്തെ സ്ഥാപനവത്കരിക്കുക. ഈ വിധത്തിൽ **തദ്ദേശഭരണത്തെ ബോധവത്കരിക്കുക**.

2) മാതാപിതാക്കൾ, രക്ഷിതാക്കൾ, തൊഴിൽദാതാക്കൾ, ആരോഗ്യ-വിദ്യാഭ്യാസ-അധികാരികൾ, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, ജില്ലാതല ഭരണാധികാരികൾ മുതലായവരെ ശില്പശാലകൾ, ചർച്ചകൾ, റോഡ്ഷോ, സ്കൂൾതല മത്സരങ്ങൾ, ബോധവത്കരണപരിപാടികൾ, തുടങ്ങിയ വിവിധമാർഗങ്ങളിലൂടെ സമീപിച്ചുകൊണ്ട് LGBTQI ജനങ്ങളെക്കുറിച്ചുള്ള മുൻവിധികൾ അകറ്റുക. അങ്ങനെ **തദ്ദേശസമൂഹത്തെ ബോധവത്കരിക്കുക**.

3) LGBTQI ജനങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുക. അതിനാവശ്യമായ വിവരങ്ങൾ നൽകുക. അവരിൽ പുതിയ കഴിവുകൾ വാർത്തെടുക്കാനുള്ള ശ്രമങ്ങളും സാമ്പത്തിക സ്ഥിരത നേടാനാവശ്യമായ വിഭവങ്ങളും ഉറപ്പാക്കുക. **അങ്ങനെ LGBTQI ജനങ്ങളെ ശാക്തീകരിക്കുക**.

4) സ്വയംസഹായസംഘങ്ങളിലൂടെയും തൊഴിലധിഷ്ഠിത പരിശീലനങ്ങളിലൂടെയും **TGI ജനങ്ങളുടെ സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുക**.

5) ആരോഗ്യ-വിദ്യാഭ്യാസ-നിയമ-നിയമപാലക-സേവനങ്ങൾ നൽകുന്നവരിൽ TGI ജനങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അവസ്ഥയെക്കുറിച്ചും അനുകൂല അവബോധമുണ്ടാക്കി **അവർക്ക് അഭിമാനകരവും ഹിംസാരഹിതവുമായ ജീവിതം ഉറപ്പാക്കുക.**

6) ഗ്രാമീണതലം മുതൽ ജില്ലാതലം വരെ ഈ ശാക്തീകരണപ്രക്രിയയിൽ ഭാഗഭാക്കായ എല്ലാവരേയും ചേർത്തുകൊണ്ട് തദ്ദേശീയ-ജനകീയ ശൃംഖലകൾ ഇവർക്കിടയിൽ നിന്ന് സൃഷ്ടിക്കുക. **അങ്ങനെ ഇവരുടേതായ ശൃംഖലകൾ ഈ തലത്തിൽ തന്നെ നിർമ്മിക്കുക.**

മുകളിൽ വിവരിച്ച ചട്ടക്കൂടിനുള്ളിൽ ഞങ്ങൾ പ്രത്യേക പ്രവർത്തനങ്ങളെയും നടപടികളെയും ഉൾപ്പെടുത്തിയിരിക്കുന്നു. മേൽവിവരിച്ച സ്ഥാപനവത്ക്കരണപ്രക്രിയയ്ക്ക്

ഒഴിച്ചുകൂടാനാവാത്തവയാണ് ഇവ. ഇന്നത്തെ സർക്കാർ നയപ്രകാരം മുഖ്യമായും TGI ജനങ്ങളെയാണ് ഈ പ്രവർത്തനപട്ടിക ഉന്നംവയ്ക്കുന്നത്. മറ്റു വിഭാഗക്കാരെക്കുറിച്ചുള്ള മുൻവിധികളെ ചെറുക്കുന്നതും സ്വവർഗഭീതിയെ തിരുത്തുന്നതുമായ ബോധവത്ക്കരണപരിപാടികളെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഇവിടെ വ്യക്തമാക്കേണ്ട കാര്യം ഇതാണ്. ഇവിടെ പറയുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണത്തെ സ്വാധീനിക്കുന്ന പല ഭരണാധികാരസ്ഥാപനങ്ങളുടെയും പ്രവർത്തനവും തീരുമാനവും ആവശ്യപ്പെടുന്നു. ഇവയെല്ലാം തദ്ദേശഭരണസ്ഥാപനത്തിന് സ്വയം നടപ്പിലാക്കാൻ കഴിയില്ല. ഇവയിൽ ചിലത് തദ്ദേശസ്വയംഭരണ വകുപ്പോ സാമൂഹ്യക്ഷേമ വകുപ്പോ അതല്ലെങ്കിൽ കുടുംബശ്രീയോ എടുക്കേണ്ടവയാണ്. ഇവയുടെ ഏകോപിത പ്രവർത്തനം സാദ്ധ്യമാക്കും വിധം അധികാരികൾ പ്രവർത്തിച്ചാൽ മാത്രമേ ഒരു പക്ഷേ ഇതു പൂർണമാവുകയുള്ളൂ. ഈ രേഖയോടൊപ്പം ചേർത്തിരിക്കുന്ന ഒരു അനുബന്ധം ഇതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകുന്നുണ്ട്. എന്നാൽ താഴെപ്പറയുന്നവയിൽ ചിലനിർദ്ദേശങ്ങൾ പഞ്ചായത്തുതലത്തിൽ തന്നെ വലിയ പണച്ചെലവോ സമയച്ചെലവോ കൂടാതെ നടപ്പാക്കാവുന്നവയാണ്.

മേൽപ്പറഞ്ഞ പ്രത്യേകതകൾക്കു പുറമേ താഴെ പറയുന്ന കാര്യങ്ങൾ കൂടി മാനവ-വൈവിദ്ധ്യ-സൗഹൃദ -തദ്ദേശസ്ഥാപനങ്ങളിൽ ദൃശ്യമായിരിക്കും.

1) ഈ തദ്ദേശസ്ഥാപനം LGBTQI ജനങ്ങൾക്ക് ഭരണസംവിധാനത്തിൽ ഇടവും ശബ്ദവും നേടിക്കൊടുക്കാൻ നിലവിലുള്ള സംവിധാനത്തിനുള്ളിൽ പരമാവധി ശ്രമിക്കും. മുകളിൽ നിന്ന് തീരുമാനങ്ങൾ വരുന്ന മുറയ്ക്ക് ഇവ നടപ്പാക്കും.
2) ഇതുകൂടാതെ ആദ്യവർഷം നടപ്പാക്കിയതിൽ നിന്ന് വ്യത്യസ്തമായ പുതിയ വശങ്ങൾ രണ്ടാം വർഷത്തിൽ നടപ്പാക്കും. തുടർന്നുള്ള വർഷങ്ങളിൽ അവയുടെ എണ്ണം വർദ്ധിപ്പിക്കും.
3) എല്ലാത്തരം പരിശീലനം, കൗൺസലിങ്ങ്, പ്രചരണപരിപാടികൾക്കായുള്ള സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ LGBTQI ജനങ്ങൾ വഴിയും അവരുടെ നേതൃത്വത്തിലും തന്നെ നടത്തും.
4) സുരക്ഷയെക്കുറിച്ചുള്ള വ്യവസ്ഥാപിതധാരണയെ വിപുലീകരിക്കാൻ തയ്യാറാകും. Female to male TG ജനങ്ങൾക്ക് മറ്റുള്ളവരെ അപേക്ഷിച്ച് അരക്ഷിതാവസ്ഥ കുറവാണെന്ന മുൻവിധി ഉപേക്ഷിക്കും.

**തദ്ദേശസ്ഥാപനതലത്തിൽ നയം നടപ്പാക്കാനാവശ്യമായ സ്ഥാപനപരമായ തയ്യാറെടുപ്പുകൾ**

1) എല്ലാ സ്വയംഭരണസ്ഥാപനങ്ങളും എല്ലാ അപേക്ഷാഫോറങ്ങളിലും TGI എന്ന തന്മയെ കോളങ്ങളിൽ ചേർക്കുക. സുപ്രീം കോടതിയുടെയും കേരളസർക്കാരിന്റെ നയവും പ്രകാരം ഇതിനാവശ്യമായ ഉത്തരവു പുറപ്പെടുവിക്കുക.
2) എല്ലാ ആസൂത്രണ കൈപ്പുസ്തകങ്ങളിലും രേഖകളിലും ഭാഷ തിരുത്തുക. ഭിന്നലിംഗക്കാർ എന്ന പദം പൂർണമായും ഉപേക്ഷിച്ച് TGI എന്നു മാത്രം പറയുക.

3) തദ്ദേശഭരണസ്ഥാപനത്തിൽ ൦ഏക ജനങ്ങളെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകുക. അടുത്ത തെരഞ്ഞെടുപ്പു നിയമപരിഷ്ക്കരണത്തിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഒരു TGI വ്യക്തിയെ ഭരണക്കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുക.

4) എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും TGI നയരേഖ ഭരണ കൈപ്പുസ്തകത്തോടൊപ്പം നൽകുക. തദ്ദേശസ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്കും എല്ലാ ജീവനക്കാർക്കും-നീതിനിർവ്വഹണ ഉദ്യോഗസ്ഥർക്കുൾപ്പെടെ-ഫലപ്രദമായ പരിശീലനം ഉറപ്പാക്കുക.

5) TGI ജനങ്ങൾക്കു വേണ്ടി ജില്ലാതലത്തിൽ ഒരു പ്രേരകിനെ നിയമിക്കുക. ഈ വ്യക്തി TGI വിഭാഗത്തിൽ ഉൾപ്പെട്ടയാളാണെന്ന് ഉറപ്പാക്കുക.

6) ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ഔപചാരിക വിഷയങ്ങളിൽ ഒന്നായി സ്വവർഗഭീതിയ്ക്കും ട്രാൻസ്ഭീതിയ്ക്കും എതിരെയുള്ള ബോധവത്ക്കരണത്തെ കൂട്ടിച്ചേർക്കുക.

7) ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റികളുടെ ഔപചാരിക വിഷയങ്ങളിലും സ്വവർഗ്ഗഭീതിയും ട്രാൻസ്ഭീതിയും ഉണ്ടാക്കുന്ന പ്രശ്നങ്ങളെ നേരിടാനുള്ള ശ്രമങ്ങൾ കൂടി ഉൾപ്പെടുത്തുക.

8) തദ്ദേശ ആസൂത്രണത്തിനായുള്ള വർക്കിങ് ഗ്രൂപ്പുകളിൽ കുറഞ്ഞത് ഒരു TGI അംഗം ഉണ്ടായിരിക്കുക. അത് നിർബന്ധിതമാക്കുക.

9) ക്ഷേമകാര്യ-ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മറ്റികളിൽ നിന്ന് ഓരോ അംഗങ്ങളെ ചേർത്ത് TGI ജനങ്ങളെ സംബന്ധിച്ച തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രവർത്തനത്തെ നിരീക്ഷിക്കാൻ മോണിറ്ററിങ് കമ്മറ്റി രൂപീകരിക്കുക.

10) തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഭവങ്ങളിൽ ഒരു നിശ്ചിതഘടകം ലിംഗബന്ധങ്ങളുടെ വൈവിദ്ധ്യത്തെ വെളിവാക്കുന്ന ലിംഗതന്മാവിദ്യാഭ്യാസത്തിനും പരിശീലത്തിനുമായി മാറ്റിവയ്ക്കുക. തദ്ദേശവായനശാലകളിലോ കലാലയങ്ങളിലെ ഗ്രന്ഥശാലകളിലോ ഈ വിഷയത്തെക്കുറിച്ചുള്ള പുസ്തകശേഖരം ലഭ്യമാക്കുക, കലാലയങ്ങൾ, അയൽക്കൂട്ടങ്ങൾ മുതലായവയിൽ ശില്പശാലകളും മറ്റും സംഘടിപ്പിക്കുക, ഈ വിഷയത്തിൽ പരിശീലനത്തിനാവശ്യമായ സാമഗ്രികൾ നിർമ്മിക്കുക മുതലായവയ്ക്കായി ഈ വിഹിതം വിനിയോഗിക്കാവുന്നതാണ്.

11) ജാഗ്രതാ സമിതിയിൽ TGI അംഗത്തെ ചേർക്കുക. സ്വവർഗ-ട്രാൻസ് ഭീതിയുടെ ഇരകൾ ആവശ്യപ്പെട്ടാൽ നിശ്ചിതസമയത്തിനുള്ളിൽ ജാഗ്രതാ സമിതി കൂടണമെന്ന് ഉറപ്പാക്കുക.

12) LGBTQI ജനങ്ങൾക്കെതിരെയുള്ള ഹിംസയും ട്രാൻസ്-സ്വവർഗ്ഗഭീതിയാൽ പ്രേരിതമായ അപമാനിക്കലും നേരിടേണ്ടി വരുന്ന അവസരങ്ങളിൽ കൂടാനും പരിഹാരം കാണാനും സാമുഹ്യക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ കൺസൾട്ടേറ്റീവ് കമ്മറ്റി ഉണ്ടാക്കുക.

13) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഈ ജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി അവബോധവും അറിവും നൽകുന്ന പരിശീലനത്തിന് ഇവർക്കിടയിൽ നിന്നു തന്നെയുള്ള വ്യക്തികളെ കണ്ടെത്തുക. ജില്ലാ തലത്തിൽ ഇവരുടെ ലിസ്റ്റ് തയ്യാറാക്കാൻ സാമൂഹ്യക്ഷേമ വകുപ്പോ ആസൂത്രണ ബോർഡോ മുൻകൈ എടുക്കുക. വരാനിരിക്കുന്ന TGI ബോർഡിന്റെ പരിശോധനയ്ക്കു ശേഷം അംഗീകരിക്കപ്പെട്ട ലിസ്റ്റ് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും എത്തിക്കുക.

14) എല്ലാ തദ്ദേശസർവ്വേകളിലും TGI വിഭാഗത്തെപ്പറ്റി വിവരങ്ങൾ നിർബന്ധിതമായും ശേഖരിക്കുക (ഇപ്പോഴുള്ള ഒഴിവാക്കൽ തിരുത്തുക).

15) ഗ്രാമസഭകളിലും മറ്റു വേദികളിലും ഒരു പ്രത്യേക ഗ്രൂപ്പായി ഇരിക്കാൻ അനുവദിക്കുക. ഈ ജനങ്ങൾക്കായി പ്രത്യേക ഗ്രാമസഭ നടത്തുക. ജില്ലാ പഞ്ചായത്തു തലത്തിൽ ഇതു നടത്തുക. കൂടുതൽപേർ ഒത്തുചേർന്ന് ആവശ്യങ്ങൾ ഉന്നയിക്കാൻ സഹായകമായ സാഹചര്യം ഒരുക്കാനാണ് ഇത്. ഈ ജനങ്ങൾക്കു പൂർണദൃശ്യതയും ശബ്ദവും ഇടവും കൈവന്നതിനു ശേഷം ഇതു പുനഃപരിശോധിക്കാവുന്നതാണ്.

16) മികച്ച തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അവാർഡുകൾ, മറ്റ് അംഗീകാരങ്ങൾ മുതലായവ നിശ്ചയിക്കുമ്പോൾ മാനവസൗഹൃദസ്വഭാവത്തെ മാനദണ്ഡങ്ങളിലൊന്നായി എണ്ണുക.

17) KILA വഴി ഇപ്പോൾ ജനപ്രതിനിധികൾക്ക് നൽകുന്ന പരിശീലനത്തിൽ ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെക്കുറിച്ചും അവരുടെ വികസനപ്രശ്നങ്ങളെക്കുറിച്ചും അറിവു നൽകുന്ന മോഡ്യൂൾ ഉൾപ്പെടുത്തുക. ഇതിനായി തികച്ചും ശാസ്ത്രീയമായ കൈപ്പുസ്തകം നിർമ്മിക്കുക.

18) തദ്ദേശഭരണസ്ഥാപനങ്ങളിലെ Gender Resource Teamsൽ നിർബന്ധമായും TGI അംഗത്തെ ഉൾപ്പെടുത്തുക.

**ട്രാൻസ്ജെന്റർ ജനങ്ങളുടെ സാമ്പത്തിക ശാക്തീകരണം**

1) TGI ജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ പ്രത്യേക ഗ്രാന്റുകളും കുടുംബശ്രീ വഴി കൗൺസിലിങ്ങും പരിശീലനവും നൽകുക. Female to Male ആയ TG ജനങ്ങൾക്ക് തുല്യപരിഗണന ഉറപ്പുവരുത്തുക.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ തൊഴിലിനായി വാടകയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിൽ പ്രത്യേക പരിഗണന നൽകുക. Female to Male ആയ TG ജനങ്ങൾക്ക് തുല്യപരിഗണന ഉറപ്പുവരുത്തുക.

3) സർക്കാർ അധീനതയിലും സ്വകാര്യ ഉടമസ്ഥതയിലുമുള്ള ഐടിഐ, കേറ്ററിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, നൃത്ത വിദ്യാലയങ്ങൾ (കേരളത്തിനകത്തും പുറത്തും) ഫാഷൻ ഡിസൈൻ പഠനകേന്ദ്രങ്ങൾ, കംപ്യൂട്ടർ പരിശീലനകേന്ദ്രങ്ങൾ, കോസ്മെറ്റോളജി, മെയ്ക്കപ്പ് പരിശീലനം, ഷീ ടാക്സി, മുതലായവയിൽ TGI ജനങ്ങൾക്ക് പ്രത്യേക

ഇടമുണ്ടാക്കുന്നതിലൂടെയും പഠനസ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിലൂടെയും സാമ്പത്തികസ്ഥിരത ഉറപ്പാക്കുന്ന തൊഴിലുകളിലേക്ക് കടക്കാനുള്ള അവസരം ഒരുക്കുക. ഷീ ടാക്സി പോലുള്ള പദ്ധതികളിൽ TGI ജനങ്ങളെ ഉൾപ്പെടുത്തുകയോ (അങ്ങനെയാണെങ്കിൽ കൂടുതൽ അനുയോജ്യമായ മറ്റൊരു പേര് ഈ പദ്ധതിക്കു നൽകേണ്ടതാണ്) അവർക്കായി പ്രത്യേകപദ്ധതി രൂപപ്പെടുത്തുകയോ ചെയ്യാം.

4) ലിംഗമാറ്റം നടത്തുന്ന വ്യക്തികൾക്ക് ആരോഗ്യവെല്ലുവിളികൾ രൂക്ഷമായതുകൊണ്ട് അവർക്ക് പെൻഷൻ അപേക്ഷിക്കാവുന്ന കുറഞ്ഞ പ്രായം ബാധകമല്ലാതാക്കുക. അല്ലാത്തവർക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന 60 വയസ്സിൽ നിന്ന് 55 ആയി കുറയ്ക്കുക.

5) തൊഴിലിനായും തൊഴിൽസ്ഥലത്തേയ്ക്ക് യാത്ര ചെയ്യാനായും വാഹനങ്ങൾ വാങ്ങാനുള്ള സഹായവും ഓടിക്കാനുള്ള പരിശീലനവും നൽകുക.

6) സ്വകാര്യസ്ഥാപനങ്ങൾ ഈ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ നൽകാനായി നികുതിയിളവുകളടക്കം പ്രോത്സാഹന നടപടികൾ സ്വീകരിക്കുക.

**ചെലവുകുറഞ്ഞ ആരോഗ്യപരിപാലനസേവനങ്ങളും ആത്മാഭിമാനത്തോടെ അവ ഉപയോഗിക്കാനുള്ള അവകാശവും**

1) തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ളിലെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ TGI ഡെസ്കുകൾ സ്ഥാപിക്കുക. ഈ സ്ഥാപനങ്ങൾ വളരെ അകലെ സ്ഥിതിചെയ്യുന്ന, അല്ലെങ്കിൽ അപ്രാപ്യമായ, അവസ്ഥയിൽ മറ്റു ആശുപത്രികളിൽ സൗകര്യമെരുക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

2) ലിംഗമാറ്റം ആഗ്രഹിക്കുന്നവർക്ക് സഹായങ്ങൾ ഉറപ്പാക്കുക (1). ലിംഗമാറ്റത്തിനുള്ള സാദ്ധ്യതകളെപ്പറ്റി വിവരങ്ങൾ സുലഭമാക്കുക (2). ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് സഹായഫണ്ടുകൾ തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിക്കുക. (3). സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ലിംഗമാറ്റ ശസ്ത്രക്രിയയിലും ഹോർമോൺ തെറാപ്പിയിലും മറ്റും പരിശീലനം. (4). കാരുണ്യ പദ്ധതിയിൽ നിന്ന് ലിംഗമാറ്റത്തിനും തുടർചികിത്സയ്ക്കു സഹായം (5). ശസ്ത്രക്രിയ കഴിഞ്ഞുള്ള പരിപാലനത്തെ സംബന്ധിച്ച് വിവരങ്ങളും പരിപാലനസഹായവും (6). SRS നടത്തുന്ന എല്ലാ ആശുപത്രികൾക്കും വ്യക്തമായ ചികിത്സാമാർഗരേഖ ഏർപ്പെടുത്തുക. അവിടങ്ങളിൽ ഈ ശസ്ത്രക്രിയയെ സംബന്ധിക്കുന്ന എത്തിക്സ് കമ്മിറ്റികൾ (Ethics Committees) സൃഷ്ടിക്കുക. ലിംഗമാറ്റ ചികിത്സ ഈ സമിതികളുടെ മേൽനോട്ടത്തിന് വിധേയമായി മാത്രമാക്കുക.

3) TGI ജനങ്ങൾക്കു ചെലവു കുറഞ്ഞ സർക്കാർ ആരോഗ്യ ഇൻഷുറൻസ് സ്കീമുകളിൽ അംഗത്വം. കേരളസർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അവരെ ചേർക്കാവുന്നതാണ്.

4) പ്രത്യേക വിദഗ്ദ്ധപരീശീലനം നേടിയവർ നടത്തുന്ന കൗൺസലിങ് കേന്ദ്രം തദ്ദേശസ്ഥാപനത്തിനു കീഴിൽ, പ്രത്യേകിച്ച് ജില്ലാപഞ്ചായത്തുകളിലും നഗരസഭകളിലും,

ആരംഭിക്കുക. ഇവിടെ പ്രവർത്തിക്കുന്ന കൗൺസിലർമാർ സഹായം തേടിയെത്തുന്നവരുടെ സ്വകാര്യതയെ മാനിക്കുമെന്ന ഉറപ്പുവരുത്തുക. സ്വകാര്യത ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ ഉടൻ സ്വീകരിക്കാൻ വകുപ്പുണ്ടാക്കുക.

5) ആശാ വർക്കർമാർക്കും അംഗനവാടി അദ്ധ്യാപികമാർക്കും മറ്റു വികസനപ്രവർത്തകർക്കും സ്വവർഗഭീതിയ്ക്കും ട്രാൻസ് ഭീതിയ്ക്കുമെതിരെ പരിശീലനം നിർബന്ധിതമാക്കുക. ഇന്റർസെക്സ് ഭ്രൂണങ്ങളെ തകരാറുള്ളവയായി കണക്കാക്കി നശിപ്പിക്കുന്ന പ്രവണത അസാധാരണമല്ലാത്തതുകൊണ്ട് അതു തടയാനാവശ്യമായ പ്രചാരണ പരിശീലനപ്രവർത്തനങ്ങൾ അംഗൻവാടി പ്രവർത്തകരെ കേന്ദ്രീകരിച്ച് നടത്തുക.

6) TGI ജനങ്ങൾക്ക് പൊതുവിൽ സഹായകമായ കൗൺസലിങ് ഹോട്ട് ലൈൻ, പ്രത്യേകിച്ച് ആത്മഹത്യ തടയാനുള്ള ഹോട്ട് ലൈൻ, സ്ഥാപിക്കുക.

7) TGI ജനങ്ങൾക്കു ലഭ്യമായ ഫണ്ടുകൾ, സ്കോളർഷിപ്പുകൾ, ആനുകൂല്യങ്ങൾ മുതലയായവയെ പറ്റിയുള്ള അറിയിപ്പുകൾ എല്ലാ തദ്ദേശഭരണകേന്ദ്രങ്ങളിലും പ്രത്യേക പ്രാധാന്യത്തോടെ പ്രദർശിപ്പിക്കുക.

**ആത്മാഭിമാനത്തോടെ, ഭയമില്ലാതെ, ജീവിക്കാനുള്ള അവകാശവും ആത്മാവിഷ്ക്കാര സ്വാതന്ത്ര്യവും**

1) റേഷൻ കാർഡുകൾ വഴി പൊതുവിതരണ ശൃംഖലയിൽ നിന്ന് ഭക്ഷണവസ്തുക്കൾ കുറഞ്ഞ വിലയ്ക്കു TGI ജനങ്ങൾക്ക് ലഭ്യമാക്കുക. തമിഴ്നാടു സർക്കാരിനെ പിൻതുടർന്നുകൊണ്ട് എല്ലാ TGI വ്യക്തികൾക്കും BPL കാർഡുകളും, എല്ലാ ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

2) സ്ഥലമോ വീടോ ഇല്ലാത്ത TGI ജനങ്ങൾക്ക് പ്രത്യേക പാർപ്പിട സഹായം നൽകുക. ബിപിഎൽ വിഭാഗക്കാർക്കുള്ള പദ്ധതികളിൽ പ്രത്യേകപരിഗണനയും ആനുകൂല്യങ്ങളും ഉറപ്പാക്കുക. ഇതിൽ Female to Male ആയ TG വ്യക്തികൾക്ക് തുല്യപരിഗണന ഉറപ്പുവരുത്തുക.

3) എല്ലാ പൊതുവിടങ്ങളിലും TGI ജനങ്ങൾക്കും ഉപയോഗിക്കാവുന്ന ഉചിതമായ ടോയിലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക. അതിന് ഉചിതമായ ചിഹ്നങ്ങൾ ഉപയോഗിക്കുക. അവ TGI സംഘടനാപ്രവർത്തകരോട് ആലോചിച്ച് സ്വീകരിക്കാവുന്നതാണ്.

4) തദ്ദേശസ്ഥാപനപരിധിയിൽ സ്വവർഗ-ട്രാൻസ് ഭീതിയുടെ ഇരകൾക്കായി സുരക്ഷിത ഭവനം ഉണ്ടാക്കുക. ഇവിടെ SRS നു വിധേയരായവരേയും ആരോഗ്യം വീണ്ടെടുക്കുംവരെ സൗജന്യമായി താമസിക്കാൻ അനുവദിക്കുക. ഇവിടെയും female to male ആയ TG ജനങ്ങൾക്ക് തുല്യപരിഗണന ഉറപ്പുവരുത്തുക. അവർക്ക് ഭീഷണിയില്ലെന്ന മുൻവിധി ഒഴിവാക്കുക.

5) TGI ജനങ്ങളുടെ കലാപ്രവർത്തനങ്ങൾക്കു അവസരമൊരുക്കുക. സംസ്ഥാന-ദേശീയ തല മത്സരങ്ങളിലും പരിപാടികളിലും പങ്കെടുക്കാൻ അവരെ സഹായിക്കുക.

6) തിരിച്ചറിയൽ രേഖകൾ നേടാനുള്ള പ്രക്രിയയെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളി

ലൂടെ എളുപ്പമാക്കുക. സേവന (sevana) വഴി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യമൊരുക്കുക. TGI ജനങ്ങൾക്കായി പ്രത്യേകം അപേക്ഷാഫോറം Information Kerala Mission തയ്യാറാക്കുക. ഓൺലൈൻ അപേക്ഷകളെ പ്രോത്സാഹിപ്പിക്കുക. തദ്ദേശ അന്വേഷണം കുടുംബശ്രീ വഴി ആക്കുക.

7) TGI വിഭാഗത്തിൽ നിന്നുള്ളവർക്ക് പാരാലീഗൽ (Paralegal) പരിശീലനം നൽകുക. അവരുടെ നിയമപ്രശ്നങ്ങൾ തീർക്കാൻ ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുക. അവർക്കു സൗജന്യ നിയമസഹായം ലഭ്യമാക്കുക.

8) TGI വിഭാഗക്കാരുടെ വസ്ത്രസ്വാതന്ത്ര്യം അവകാശമായി തിരിച്ചറിഞ്ഞ് അംഗീകരിക്കുക. അതു സംബന്ധിച്ച് തദ്ദേശതലത്തിൽ പ്രചാരണം നടത്തുക.

9) തദ്ദേശഭരണസ്ഥാപനപരിധിയ്ക്കുള്ളിൽ ഒരു TGI സൗഹൃദപൊതുവിടമെങ്കിലും ഒരുക്കുക.

**ലിംഗപദവിയെയും ലൈംഗികതയെയും കുറിച്ചുള്ള പൊതുബോധം മെച്ചപ്പെടുത്തൽ**

1) അപ്പർ പ്രൈമറി തലം മുതൽ സ്കൂളുകളിൽ ലിംഗപദവിയേയും ലൈംഗികതകളെയും പറ്റി അറിവു ലഭ്യമാക്കുക. വിദ്യാഭ്യാസരംഗത്ത് ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തമായ മാർഗരേഖയുണ്ടാക്കുക.

2) സ്കൂൾ അദ്ധ്യാപകർക്കും കൗൺസലർമാർക്കും ഈ വിഷയങ്ങളിൽ പരിശീലനവും ലിംഗഭൂരിപക്ഷത്തിൽ നിന്ന് വ്യത്യസ്തരെന്ന് തോന്നുന്ന കുട്ടികളോടുള്ള പ്രായോഗികസമീപനത്തെപ്പറ്റി പ്രത്യേകം അറിവും നൽകുക. ഇത്തരക്കാരായ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാൻ വിശേഷശ്രമം നടത്തുക.

3) ഡോക്ടർമാർ, പോലീസ്, അഭിഭാഷകർ മുതലായ ഉന്നതാധികാരികൾക്കു ഇപ്പോൾ നൽകിവരുന്ന ജെന്റർ സംബന്ധമായ പരിശീലത്തിൽ ലൈംഗികതയെപ്പറ്റിയുള്ള ചർച്ച കൂടി ഉൾപ്പെടുത്തുക.

4) എല്ലാ വകുപ്പുകളിലും അധികാരികൾക്ക് TGI ജനങ്ങളുടെ ജീവനും സ്വത്തും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി പരിശീലനം നൽകുക. വസ്ത്രധാരണത്തിന്റെയും മറ്റും പേരിൽ അവരെ ശല്യപ്പെടുത്തിന്നതിനെതിരെ വ്യക്തവും വേഗത്തിലുള്ളതുമായ നടപടി സ്വീകരിക്കുക.

5) പോലീസ് ഉദ്യോഗസ്ഥർ LGBTQI ജനങ്ങളുടെ അവകാശങ്ങളെയും ആത്മാഭിമാനത്തെയും ഹനിക്കുന്ന വിധം പെരുമാറുന്നതു തടയുന്നതിനായി പ്രത്യേക സർക്കാർ സർക്കുലർ ഇറക്കുക. എല്ലാ തലങ്ങളിലുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പല ഘട്ടങ്ങളിലായി ഈ വിഭാഗക്കാരുടെ അവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക. TGI ജനങ്ങളെ സംബന്ധിച്ച് വ്യക്തമായ പോലീസിങ് മാർഗരേഖ സൃഷ്ടിച്ചു നടപ്പിലാക്കുക.

6) ജോലിക്കെടുക്കൽ, നിലനിർത്തൽ, സ്ഥാനക്കയറ്റം, ആനുകൂല്യങ്ങൾ എന്നിവയിലെല്ലാം ശക്തമായ വിവേചനവിരുദ്ധ നയങ്ങൾ ഉണ്ടാക്കുക, അവ അർത്ഥപൂർണ

മായി നടപ്പാക്കുക.

7) LGBTQI ജനങ്ങളുടെ സ്വന്തം കൂട്ടായ്മകൾ, സർക്കാരേതര സംഘടനകൾ എന്നിവ വഴി ലിംഗപദവികളെപ്പറ്റിയും ലൈംഗികതകളെപ്പറ്റിയും പ്രചാരണം നടത്താനുള്ള ശൃംഖലാനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

8) ഈ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള സാംസ്കാരികപരിപാടികൾ, പ്രത്യേകിച്ച് ഫിലിം ഫെസ്റ്റിവലുകൾ, നാടക കളരികൾ മുതലായവ ഈ ജനങ്ങളുടെ നേതൃത്തിലോ സഹ കരണത്തോടെയോ നടത്തുക.

9) ഈ വിഷയത്തെ സംബന്ധിക്കുന്ന എല്ലാ പരിശീലനങ്ങളിലും പരിശീലകർ LGBTIQ ജനങ്ങളായിരിക്കുന്നതിനു പുറമേ, ഈ വേളകളിൽ ഇക്കൂട്ടരുടെ സജീവസാന്നിദ്ധ്യം ഉറപ്പുവരുത്തുക. നേരിട്ടുള്ള ഇടപഴകൽ വഴി തെറ്റിദ്ധാരണകൾ അകന്നുപോകുന്ന മാനവസംഗമങ്ങളായി പരിശീലനാവസരങ്ങളെ മാറ്റുക.

10) ഒരേ തലത്തിൽ പല വകുപ്പുകൾക്കു കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ഒരു മിച്ചിരുത്തി ഈ പരിശീലനങ്ങൾ സംഘടിപ്പിക്കുക. റവന്യൂവകുപ്പുദ്യോഗസ്ഥരെ പ്രത്യേകം ഉൾപ്പെടുത്തുക. ഉദാഹരണത്തിന് തഹസീൽദാർ, പഞ്ചായത്ത് സെക്രട്ടറി, സിഡിഎസ് അദ്ധ്യക്ഷ എന്നിവർ ഒരുമിച്ച് പരിശീലനങ്ങളിൽ പങ്കെടുക്കുന്നത് ജനങ്ങ ളുടെ തദ്ദേശതലപ്രശ്നങ്ങളുടെ പരിഹാരത്തെ, പ്രത്യേകിച്ച് തിരിച്ചറിയൽ, സ്വത്തവ കാശം എന്നിവ സംബന്ധിയായ പ്രശ്നങ്ങളെ വേഗത്തിലാക്കാൻ സഹായിക്കും.

കൂടാതെ ജനങ്ങളുടെ വികസനാവസ്ഥയെ പഠിക്കാനും മാറുന്ന സാഹചര്യങ്ങളിൽ പുതിയ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുവാനും തദ്ദേശതലത്തിൽ TGI നയം വികസിപ്പിച്ചു നടപ്പിലാക്കാനാവശ്യമായ നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ തുട ങ്ങിയവ തുടർന്നും പരിഗണിക്കുവാൻ ഒരു കൂടിയാലോചനാ സമിതിയെ (Consultative Committee) കേരള സർക്കാർ ഉടൻ നിയമിക്കുക.

**ഉടൻ ചെയ്യാവുന്ന കാര്യങ്ങൾ**

തദ്ദേശതലത്തിൽ മുൻപറഞ്ഞ കാര്യങ്ങൾ പലതിനും സർക്കാരിന്റെ മുകൾത്തട്ടുകളിൽ നിന്നുള്ള നീക്കങ്ങൾ ആവശ്യമാണെങ്കിലും താഴെപറയുന്ന കാര്യങ്ങൾ പഞ്ചായത്തിന്റെ ഇന്നത്തെ അധികാരപരിധിക്കുള്ളിൽ നടപ്പാക്കാവുന്നതാണ്.

1. ടോയിലറ്റ് സൗകര്യങ്ങൾ സ്ഥാപിക്കാനുള്ള ഫണ്ടുകൾ ഉപയോഗിച്ച് TGI സൗഹൃദ ടോയിലറ്റുകൾ സ്ഥാപിക്കാവുന്നതാണ്. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയും പഞ്ചായത്ത് കേന്ദ്രം, ബസ് സ്റ്റാന്റുകൾ മുതലായ പൊതു ഇടങ്ങളിൽ അവ പണിയാ നുള്ള ധനസഹായവും TGI ജനങ്ങൾക്കു തദ്ദേശസ്ഥാപനങ്ങൾ വഴി നൽകാവുന്ന താണ്.

2. വീടില്ലാത്ത TGI ജനങ്ങൾക്കു നടപടിക്രമങ്ങൾ ലഘൂകരിച്ച് മുൻഗണനയോടെ വീട് നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകാവുന്നതാണ്.

3. TGI ജനങ്ങൾക്കു കടകൾ തുടങ്ങാനുള്ള ലൈസൻസുകൾ നടപടിക്രമം ലഘൂകരിച്ച് മുൻഗണന നൽകാവുന്നതാണ്.

4. യുവജനങ്ങൾക്കായുള്ള ഫണ്ടിൽ നിന്ന് സ്വവർഗ-ട്രാൻസ് ഭീതിയ്ക്കെതിരെ കലാപ്രവർത്തനങ്ങളിലൂടെയും സിനിമാപ്രവർത്തനങ്ങളിലൂടെയും മറ്റും പ്രചാരണം നടത്താവുന്നതാണ്.

5. ജാഗ്രതാസമിതിയിൽ TGI അംഗത്തെ ചേർക്കാവുന്നതാണ്.

6. ബാലസഭാഫണ്ടുപയോഗിച്ച് കൗമാരക്കാർക്കിടയിൽ ലിംഗ-ലൈംഗിക വൈവിധ്യത്തെക്കുറിച്ച് അറിവു നൽകാവുന്നതാണ്.

7. ലഭ്യമായ നല്ല പ്രചാരണചിത്രങ്ങൾ (ഉദാഹരണത്തിന്, *കരുണ* എന്ന ലഘുചിത്രം) തദ്ദേശസ്വയംഭരണപരിധിയിലെ സിനിമാതിയേറ്ററുകളിൽ സിനിമാപ്രദർശനത്തിനു മുൻപായി കാണിക്കാവുന്നതാണ്.

8. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ, ഉദാഹരണത്തിന്, വാർഡു ശുചീകരണ സമിതികളിൽ, TGI ജനങ്ങളെക്കൂടി ഉൾപ്പെടുത്തി അവരുടെ ജനസമ്പർക്കത്തെ മെച്ചപ്പെടുത്താവുന്നതാണ്.

**ഈ സമ്മർദ്ദരേഖ തയ്യാറാക്കുന്ന പ്രക്രിയയിൽ പങ്കാളികളായത് താഴെ പറയുന്ന വ്യക്തികളാണ്:**

അനിൽകുമാർ, ശ്രീക്കുട്ടി, സൂര്യ, ഫൈസൽ, ഷാജി, എബി, വിഹാൻ, വിജീഷ്, ജിജോ, കിഷോർ കുമാർ, ബിൻസി, ഷാലിൻ, ശരത് ചേലൂർ, അഖിൽ, മായ, ഷീല, വിജയരാജമല്ലിക, കാവ്യ, സതീഷ് കുമാർ, ശ്യാമ, ഗോപിക ജി. ജി, നവാസ്, തമ്പാട്ടി, ശീതൾ, ദിയസന, ദീപ്തി കല്ല്യാണി, ബി. ഇക്ബാൽ, എ. കെ ജയശ്രീ, അനിൽ, ജഗജീവൻ, എം. എ ഉമ്മൻ, മൃദുൽ ഈപ്പൻ, മനു ശങ്കർ, ഇസ്ര നവാസ്, സിമി സൂസൻ, പ്രമോദ് കെ. വി, പി. ഇ. ഉഷ, ഗീത നസീർ, ആദില കബീർ, രാധാമണി, രജിത, സുന്ദരി രവീന്ദ്രൻ, ഗാർഗി, ത്രേസിയ സി. യു, വി.കെ രാമചന്ദ്രൻ, തുളസീഭായി പത്മനാഭൻ, ബീനാ വിജയൻ, നജുമുദ്ദീൻ മോടമ്പത്ത്, അബ്ദുൾ നാസർ, ശ്രീലത, പ്രവീൺ പി, ശ്രുതി, രാഗരഞ്ജിനി, ശ്രീരഞ്ജിനി, ശ്രീ, റമിൻ പാൾസൺ, രാജശ്രീ ആർ, നീനു മാത്യു, സുരേഷ് കുമാർ എസ്, ജീവ ജെ. ആർ, ചിഞ്ചു അശ്വതി, ശശീന്ദ്രൻ, രാഹുൽ ജോസ്, ജയലക്ഷ്മി, ലിൻസ ഫിലിപ്, സ്വാതി സ്നേഹജൻ, വിഷ്ണു, കിരൺ എൻ, ടി. വി. ലക്ഷ്മി, ഇഷാൻ, ശാന്തി, ടോമിൽ ജോൺ, മാളവിക, ജാൻസൺ ജെ.ജെ, റീനു, ഷൈജ ബോബൻ ആർ. പി, അർച്ചന രവി.

**ഈ പ്രക്രിയയിൽ സഹായിച്ചവർ:**

ഗീതാ ഗോപാൽ, ജെ. ദേവിക, കെ. കെ ഈശ്വരൻ, മീരാ വേലായുധൻ, കെ. എൻ ഹരിലാൽ, രശ്മി, ഇമ്മാനുവേൽ, സതീഷ്.

**Annexure 1**







**Annexure 2**

## ലിംഗ-ലൈംഗിക ന്യൂന പക്ഷങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾ കേരളത്തിൽ

### 1. Sexual and Gender Minorities Federation, Kerala

Address: TC 48/469 , Vrindavan, Manacaud P O,
Kallattumukku, Thiruvananthapuram
Email : sgmfkerala@gmail.com
Phones : Srikkutty: 9497443170, Sree: 9895518143

കേരളത്തിലെ ട്രാൻസ്ജന്റർ മുൻ കാലങ്ങളിൽ അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കേരളത്തിൽ നിലനിന്നിരുന്ന വിവേചനവും ഒറ്റപ്പെടുത്തലും സ്വന്തം ഭവനത്തിൽ നിന്നു പോലും ആട്ടി ഇറക്കുന്ന പ്രവണതയാണ് ഇതിനു കാരണം. അതു കൊണ്ട് കേരളത്തിൽ ട്രാൻസ്ജന്റർ ഇല്ലാ എന്ന മിഥ്യാബോധമായിരുന്നു കേരളത്തിലെ ജനങ്ങൾക്കും സർക്കാരിനും.

എന്നാൽ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന NACS (NATIONAL AIDS CONTROL SOCIETY) ഇന്ത്യയിൽ ആകമാനം AIDS വ്യാപകമായതോടെ കേരള ത്തിലും എയ്ഡ്സ് നിവാരണത്തിനായി KACS (KERALA AIDS CONTROL SOCIETY) സ്ഥാപിച്ചു. അതിന്റെ പ്രവർത്തന ഫലമായി NGO കൾക്ക് സുരക്ഷാ എന്ന പേരിൽ

പ്രോജക്ടുകൾ നൽകുകയും ചെയ്തു. 2010 ൽ ബാംഗ്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന **സംഗമ** എന്ന ഓർഗനൈസേഷൻ കേരളത്തിൽ HIV വിരുദ്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട് KACS പ്രവർത്തനവുമായി ലിങ്ക് ചെയ്ത് പെഹ്ചാൻ എന്ന പ്രോജക്ട് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു.

പൂർണ്ണമായും കമ്മ്യൂണിറ്റി നിക്ഷിപ്തമായിരുന്നു പദ്ധതി. അതിന്റെ ഭാഗമായി കേരളത്തിൽ 10 ഓളം ജില്ലകളിൽ CBO (COMMUNITY BASE ORGANIZATION) നിലവിൽ വന്നു. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒയാസിസ് കൾച്ചറൽ സൊസൈറ്റി 2010 ജൂൺ മാസത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കമ്മ്യൂണിറ്റിയെ പൂർണ്ണമായും മുഖ്യധാരയിൽ എത്തിക്കുകയുയിരുന്നു പ്രധാന ലക്ഷ്യം. അതിന്റെ ഫലമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടത്തുകയും ചെയ്തു. റാലികൾ, ബോധവൽകരണ സെമിനാർ, പൊതുപരിപാടികൾ, കമ്മ്യൂണിറ്റിയുടെ കലാപ്രകടങ്ങൾക്കായുള്ള പൊതുപരിപാടികളും, ഇവയിലൂടെയുള്ള ബോധവൽകരണം, അവകാശങ്ങൾക്കായി സർക്കാരുമായുള്ള ഇടപെടൽ ഇതൊക്കെയായിരുന്നു സംഘടനയുടെ ലക്ഷ്യം. ഇന്ന് കേരളത്തിൽ ജന്റർ അവബോധത്തിലുണ്ടായിരിക്കുന്ന ചെറുതെങ്കിലും ആശാവഹമായ മാറ്റങ്ങൾക്കു പിന്നിൽ ഈ സംഘടനയുടെ സജീവപ്രവർത്തനമുണ്ട്. ടി ജി പോളിസിയിൽ കലാശിച്ച ട്രാൻസ്ജന്റർ സർവ്വേ അടക്കമുള്ള പ്രവർത്തനങ്ങളിൽ ഈ സംഘടന സജീവമായിരുന്നു. തദ്ദേശീയസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം ലൈംഗിക-ലിംഗ ന്യൂനപക്ഷ അവകാശങ്ങൾക്കായി പ്രവർത്തിക്കാൻ സന്നദ്ധരാണ്.

പെഹ്ചാൻ പ്രോജക്ടിന്റെ സമയം മുതൽ ജനങ്ങൾക്ക് കൗൺസിലിങ് നൽകുന്നതിലും കൗൺസിലിങ്ങിൽ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിലും പരിചയമുള്ള സംഘടനയാണ്. സാമാന്യജനങ്ങൾക്കിടയിൽ ലൈംഗിക-ലിംഗ വൈവിധ്യത്തെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിലും കലാപ്രവർത്തനങ്ങളിലും പരിചയമുണ്ട്.

കേരളത്തിൽ 11 ജില്ലകളിൽ സി.ബി.ഒ പ്രവർത്തിക്കുന്നു. ചിന്നിചിതറിക്കിടക്കുന്ന ട്രാൻസ്ജന്റർ കമ്മ്യൂണിറ്റിയെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് 11 സി.ബി.ഒ കൾ സമീപകാലത്ത് ഒത്തുചേർന്ന് ഒരു സംഘടനാരൂപം നൽകിയത്. SGMF-K (SEXUAL AND GENDER MINORITY FEDERATION KERALA) എന്ന ഈ സംഘടന വിവിധങ്ങളായ പ്രവർത്തനങ്ങളിൽ സജീവമാണ്.

## 2. മനുഷ്യാവകാശങ്ങൾക്കു വേണ്ടി സഹയാത്രിക

Address : Sahayatrika, ‘Aiswarya’, House No. 23/447, Jayaprakash Lane,
Poonkunnam P O , Thrissur – 680002
Helpline : 9744955866
Email : sahayatrika@gmail.com

ഏകദേശം ഒരു ദശകത്തിനു മുൻപ് കേരളത്തിൽ സ്വവർഗസ്നേഹികളായിരുന്നിരിക്കാനിടയുള്ള യുവതികൾ ഒരുമിച്ച് ആത്മഹത്യ ചെയ്ത നിരവധി സംഭവങ്ങൾ നടന്നിരുന്നു. പല സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പശ്ചാത്തലങ്ങളിൽ നിന്നുള്ളവരായ

ഈ ചെറുപ്പക്കാരികളുടെ മരണങ്ങളിലേക്ക് നടത്തിയ വസ്തുതാശേഖരണ ശ്രമങ്ങളിൽ നിന്നാണ് സഹയാത്രിക രൂപമെടുത്തത്. ലെസ്ബിയൻ സ്ത്രീകളും ട്രാൻസ് ജനങ്ങളും മറ്റു ലൈംഗിക-ലിംഗ ന്യൂനപക്ഷങ്ങളും വീട്ടിലും പുറത്തും പ്രത്യക്ഷമായും പരോക്ഷമായും നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ ഗൗരവം തിരിച്ചറിഞ്ഞതോടെയാണ് സ്വതന്ത്രമായ ഒരു കൂട്ടായ്മയുടെ ആശയം ഉയർന്നു വന്നത്. ഇന്ന് സഹയാത്രിക സ്ത്രീയായി ജനിച്ച ലൈംഗിക-ലിംഗ ന്യൂനപക്ഷങ്ങളുടെയും ലെസ്ബിയൻ സ്ത്രീകളുടെയും ഒപ്പം പ്രവർത്തിക്കുന്ന ക്വിയർ സംഘടനയാണ്. ഇന്റർസെക്സ് വ്യത്യാസങ്ങളുള്ളവർക്കൊപ്പവും വ്യവസ്ഥാപിത ലിംഗ-ലൈംഗിക മാതൃകകളിൽ നിന്നും ചട്ടങ്ങളിൽ നിന്നും അകന്നു ജീവിക്കുന്നവർക്കൊപ്പവും ഈ സംഘടന പ്രവർത്തിക്കുന്നുണ്ട്. എല്ലാ ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യാവകാശങ്ങളും ബഹുമാനവും അന്തസ്സും നൽകുന്ന സമൂഹമാണ് സഹയാത്രികയുടെ ലക്ഷ്യം. ഇതിലേക്കു നയിക്കുന്ന വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും, ദേശീയ ആഗോളതലങ്ങളിൽ ലൈംഗിക-ലിംഗ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുമുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാണ്. താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

1. ഹെൽപ് ലൈൻ
2. കൗൺസിലിങ്ങും നിയമസഹായവും
3. അടിയന്തിരഘട്ടങ്ങളിൽ ഇടപെടൽ
4. ആരോഗ്യസേവനങ്ങൾ
5. ശേഷിനിർമ്മാണ പ്രവർത്തനങ്ങൾ

സൈദ്ധാന്തിക ചർച്ചകളും. ജ്ഞാനനിർമ്മാണസംബന്ധിയായ പ്രവർത്തനങ്ങളും. അക്കാദമികസംവാദവും സഹയാത്രികയുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്. സെമിനാറുകൾ, പൊതുചർച്ചകൾ പ്രദർശനങ്ങൾ, ബോധവത്കരണശില്പശാലകൾ, പരിശീലന പരിപാടികൾ, സിനിമാപ്രദർശനങ്ങളും ചർച്ചകളും എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങളിൽ ദീർഘകാലത്തെ പരിചയം സഹയാത്രികയ്ക്ക് അവകാശപ്പെടാം. കമ്മ്യൂണിറ്റി അംഗങ്ങൾക്കു പുറമെ വിദ്യാർത്ഥിസംഘടനകൾ, പോലീസ്, നീതിനിയമ വകുപ്പ്, യുവജന സംഘനകൾ, സർക്കാർ-സർക്കാരേതര സംഘടനകൾ എന്നിവയോടൊപ്പം പ്രവർത്തിച്ച പരിചയവും ഈ സംഘടനയ്ക്കുണ്ട്.

## 3. ക്വിയറള/Queerala: കേരളത്തിലെ ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കായുള്ള ഒരു സംഘടന

രജിസ്ട്രേഷൻ നമ്പർ : EKM/TC/306/2016
വെബ് സൈറ്റ് : http//queerala.org
ഫോൺ : 9745186466, 8089011223
ഇ-മെയിൽ : queerala2014@gmail.com

കേരളത്തിലെ ലൈംഗിക-ലിംഗ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും അനുബന്ധ അവകാശ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഒരു കമ്മ്യൂണിറ്റി ബേസ്ഡ് സംഘടനയാണ് ക്വിയറള.

**ചരിത്രം**

നിയമപരമായി കുറ്റവൽകരിക്കപ്പെട്ട, വൈദ്യശാസ്ത്രപരമായി രോഗവൽകരിക്കപ്പെട്ടിരുന്ന, സാംസ്കാരിക അടിച്ചമർത്തപ്പെട്ട ഒരു ന്യൂനപക്ഷമാണ് ഇന്ത്യയിലെ LGBT. അതിനാൽ തന്നെ തങ്ങളുടെ സ്വത്വം തുറന്ന് പറയാനോ അതിനനുസരിച്ച് ജീവിക്കാനോ അത്തരം ആളുകൾക്ക് കഴിയാറില്ല. പലരും മാനസിക സംഘർഷത്തിൽപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യുന്നു. കേരളീയരായ LGBT വ്യക്തികളുടെ ഇടയിലും പൊതുവിലും ലൈംഗികതയെക്കുറിച്ചും ലിംഗഭേദത്തെപ്പറ്റിയും ബോധവൽകരണം, കൗൺസിലിങ്, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയാണ് ക്വിയറള എന്ന സംഘടനയുടെ മുഖ്യ ലക്ഷ്യം. LGBT വ്യക്തികൾ നേരിടുന്ന മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധവൽകരിക്കുക, വിഷയസംബന്ധിയായി അക്കാദമിക് തലത്തിൽ പ്രബന്ധങ്ങളും സെമിനാറുകളും അവതരിപ്പിക്കുക എന്നിവയും സംഘടനയുടെ പ്രവർത്തനപരിധിയിൽ വരുന്നു. 2013 ൽ തുടങ്ങിയ സംഘടന 2015 ൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഇമെയിൽ, വെബ്സൈറ്റ്, ഫേസ്ബുക് പേജ് എന്നിവയിലൂടെ വിഷമസന്ധികളിൽപ്പെടുന്ന LGBT വ്യക്തികൾക്ക് സംഘടനയെ സമീപിക്കാവുന്നതാണ്. കൂടാതെ സാമൂഹ്യ ബോധവൽകരണത്തിലും ഇത്തരം ഇന്റർനെറ്റ് മാധ്യമങ്ങൾ വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നു. വിഷയാനുബന്ധിയായി ഗവേഷണമോ മറ്റു പഠനങ്ങളോ നടത്തുന്നവർക്കും ക്വിയറള പിന്തുണ നൽകിവരുന്നതിനോടൊപ്പം കമ്മ്യൂണിറ്റിയുടെ അതിജീവനപ്രശ്നങ്ങൾ ഡോക്യുമെന്ററുകളായി രേഖപ്പെടുത്താനുള്ള ശ്രമങ്ങളും നടത്തി വരുന്നു. 9 എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളും (LGBT ആളുകൾ) 5 ഉപദേശകാംഗങ്ങളും അടങ്ങുന്നതാണ് ക്വിയറളയുടെ ഭരണ സമിതി. കഴിഞ്ഞ നാല് വർഷകാലയളവിൽ 420 ഓളം മലയാളി LGBT ആളുകൾക്ക് നേരിട്ട് പിന്തുണ നൽകാൻ ഈ കൂട്ടായ്മയ്ക്ക് സാധിച്ചു.

**പ്രവർത്തനങ്ങൾ**

- പ്രതിസന്ധികളിൽ അകപ്പെടുന്ന LGBT വ്യക്തികൾക്ക് കൗൺസിലിങ്, ബോധവൽകരണം എന്നിവ നൽകുന്നു.
- ഇന്റർനെറ്റ് മാധ്യമങ്ങൾ വഴി പൊതു സമൂഹത്തിനായി ദിവസേന നടത്തുന്ന ബോധവൽകരണ പോസ്റ്ററുകൾ.
- സംഘത്തിന്റെ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ടും തുടർഇടപെടലുകൾക്കും മറ്റുമായി രണ്ടു മാസത്തിലൊരിക്കൽ കമ്മ്യൂണിറ്റി അംഗങ്ങളുടെ ഒത്തുചേരൽ നടത്തി വരുന്നു.
- മലയാളികളായ പുരുഷസ്വവർഗാനുരാഗികൾക്കായി പ്രത്യേകം സൗഹൃദ കൂട്ടായ്മ നിലനിർത്തി വരികയും വാർഷിക ഒത്തുചേരൽ (രഹസ്യ സ്വഭാവമുള്ള യോഗങ്ങൾ) സംഘടിപ്പിക്കുകയും ചെയ്യുന്നു.

- സ്വവർഗാനുരാഗികളായവരുടെ മാതാപിതാക്കൾക്കും കുടുംബാംഗങ്ങൾക്കുമുള്ള കൗൺസിലിങ് സേവനങ്ങൾ മന:ശാസ്ത്ര/മാനസികാരോഗ്യ വിദഗ്ധരുടെ സമ്പർക്കത്തിൽ നൽകി വരുന്നു.
- മാധ്യമ/നിയമ/സാമൂഹികശാസ്ത്ര വിദ്യാർത്ഥികൾക്കായും കലാലയങ്ങൾ കേന്ദ്രീകരിച്ചും വർക്ഷോപ്പുകളും സംഘടിപ്പിക്കുകയും കേരളത്തിനകത്തും പുറത്തും ലൈംഗിക ന്യൂനപക്ഷങ്ങളുടെ വിഷയവുമായി ബന്ധപ്പെട്ടു നടക്കുന്ന വിവിവധതലങ്ങളിലുള്ള ചർച്ചകളിലും മാർഗനിർദ്ദേശക സദസ്സുകളിലും പരിശീലനകളരികളിലും സംഘടനാപ്രതിനിധികൾ പങ്കെടുത്തു വരുന്നു.
- പൊതു സമൂഹത്തിന്റെ LGBT ബോധവൽകരണത്തിനായി Free Hugs പരിപാടികൾ കേരളത്തിലെ വിവിധ നഗരങ്ങളിൽ അവതരിപ്പിച്ചു (ജൂലൈ-ഒക്ടോബർ 2014).
- വിക്കിപീഡിയയുടെ LGBT പരിപാടിയായ Wiki Loves Pride എന്നതിന്റെ ഭാഗമായി LGBT സംബന്ധമായ മലയാളം വിക്കിപീഡിയ പേജുകൾ ഉണ്ടാക്കുകയും പുതുക്കുകയും ചെയ്തു (നവംബർ 2014).
- സർവകലാശാലാ തലത്തിൽ കേരളത്തിൽ നടക്കുന്ന സെമിനാറുകൾ LGBT വിഷയത്തെപ്പറ്റിയുള്ള പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.
- കേരളത്തിൽ വർഷം തോറും നടക്കുന്ന LGBTയുടെ 'ലൈംഗിക സ്വാഭിമാന ഘോഷയാത്ര' പരിപാടിയിൽ മറ്റ് സംഘടനകളോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്നു.
- സ്വവർഗാനുരാഗത്തെക്കുറിച്ച് 'ഹോമോ മോർഫിസം' എന്ന പേരിൽ ചിത്ര ഫോട്ടോ പ്രദർശനം നടത്തി (ഡിസംബർ 2015).
- കൊച്ചി പോലീസ് സേനക്കായി LGBT വ്യക്തികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവൽകരണം നടത്തി.
- ഒരു സൈക്കോതെറാപ്പിസ്റ്റ് വിദഗ്ധനെക്കൊണ്ട് ഇരുപതോളം പേർക്ക് LGBT വ്യക്തികൾക്കായുള്ള കൗൺസിലിങ് പരിശീലനം നൽകി (2016 മെയ്).
- LGBT വിഷയത്തെ ആസ്പദമാക്കി തലസ്ഥാനത്തെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ QUEST 2016 എന്ന പേരിലുള്ള ദ്വിദിന കോൺഫറൻസ് സംഘടിപ്പിച്ചു (ഡിസംബർ 2016).
- സ്വവർഗാനുരാഗം വിഷയമായുള്ള ജയൻ ചെറിയാന്റെ 'കബോഡി സ്കേപ്സ്' എന്ന മലയാളം ഫീച്ചർ സിനിമയിൽ പങ്കാളികളായി.
- National Council of Churches in India ക്രിസ്ത്യൻ വിഭാഗങ്ങൾക്കായി നടത്തുന്ന ബോധവൽകരണ പരിപാടികളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.
- അരികുവൽക്കരിക്കപ്പെട്ട ഇതര ജനങ്ങളുടെ അവകാശപ്രക്ഷോഭങ്ങളിലും ചർച്ചാവേദികളിലും ക്വിയറള അംഗങ്ങൾ പങ്കെടുക്കാറുണ്ട്.

- അധ്യാപക പരിശീലനത്തിൽ SOGI (Sexual Orientation & Gender Identity) വിഷയം ഉൾപ്പെടുത്താനുള്ള ശ്രമം നടത്തി വരുന്നു.
- വിവാഹ സമ്മർദ്ദം നേരിടുന്ന LGBT വ്യക്തികൾക്കായി ഗ്രൂപ്പ്-തെറാപ്പി പരിപാടികൾ സംഘടിപ്പിക്കുന്നു.
- LGBT വിഷയത്തെ കേരള-പശ്ചാത്തലവുമായി ബന്ധപ്പെടുത്തി മലയാളത്തിലെ മുഖ്യധാരാമാധ്യമങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ദൃശ്യമാധ്യമ ചർച്ചകളിൽ സാന്നിധ്യമറിയിക്കുകയും ചെയ്യുന്നു.

### 4. Queerythm: LGBTQ People's Community, Thiruvananthapuram

Register No : Tvm/TC/461/2017
Blog : queerythm.wordpress.in
Address : TC 55/1151, Siva Nagar, Neeramankara, Kaimanam P O
Thiruvananthapuram-40
Phone : 9747811406,9 895876622
Email : queerythm@gmail.com

തിരുവനന്തപുരം ആസ്ഥാനമാക്കി LGBT ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് സംഘടനയാണ് ക്വിയറിഥം. തിരുവനന്തപുരത്ത് സമീപകാലത്ത് സർക്കാർ ഉദ്യോഗസ്ഥർക്കുവേണ്ടി നടത്തിയ ലിംഗ-ലൈംഗിക വൈവിധ്യപരിശീലന പരിപാടിയുടേയും, ഈ വർഷം മുംബെയിലെ Humsafar Trust നൊപ്പം തിരുവനന്തപുരത്ത് സംഘടിപ്പിക്കപ്പെട്ട IDAHOT (International Day Against Homophobia, Biophobia, and Transphobia) ന്റെയും സംഘാടനം നടത്തിയത് ക്വിയറിഥം ആണ്. ഇതോടനുബന്ധിച്ച് ക്വിയർ ജീവിതങ്ങൾ-സ്നേഹങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോ പ്രദർശനവും നടന്നു. ഈ പരിപാടിയിൽ വിവിധ ജീവിതരംഗങ്ങളിൽ പ്രവർത്തിക്കുന്നവർ സജീവമായി പങ്കെടുത്തു.

കൗൺസിലിങ് നൽകുന്നതിനു പുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ട് ലൈൻ, സ്വയം തൊഴിൽ സംരംഭങ്ങൾ മുതലായ പ്രവർത്തനങ്ങളിലേക്കു കടക്കാനുള്ള തയ്യാറെടുപ്പിലാണ്. രക്തദാനക്യാമ്പുകളും ക്വിയർ ഫിലിം ഫെസ്റ്റിവലും ഈ വർഷം സംഘടിപ്പിക്കാൻ ശ്രമിക്കുന്നു.

തിരുവനന്തപുരത്തുള്ള Alliance Francaise ൽ മാസത്തിൽ ഒരിക്കൽ അംഗങ്ങൾ ഒത്തുചേരുകയും സംവാദങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഏകദേശം 30 അംഗങ്ങളാണ് ഈ സംഘടനയിൽ പ്രവർത്തിക്കുന്നത്. ക്വിയറിഥം പ്രവർത്തകർ പൊതുചർച്ചകളിലും അക്കാദമിക ചർച്ചകളിലും സജീവമായ പങ്കാളികളാണ്. ലിംഗ-ലൈംഗികന്യൂനപക്ഷങ്ങളുടെയും എച്ച് ഐ വി ബാധിതരുടെയും സാമൂഹ്യ സാമ്പത്തിക സാംസ്കാരിക വികസനം ഉറപ്പുവരുത്തുക, ഈ സമൂഹങ്ങൾക്കിടയിൽ വിവരവ്യാപനം, വിവരസമ്പാദനം, ഡോക്യുമെന്റേഷൻ എന്നിവ നിർവഹിക്കുക, ലിംഗ-ലൈംഗിക വൈവിധ്യത്തെപ്പറ്റി വിദ്യാഭ്യാസം വ്യാപമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഞങ്ങളുടേത്. ഈ വിഷയങ്ങളെ

സംബന്ധിച്ചുള്ള അക്കാദമിക അന്വേഷണങ്ങളിലും ഗവേഷണങ്ങളിലും സംഘടന പ്രത്യേകം താത്പര്യമെടുക്കുന്നു.

കൂടാതെ, കൗൺസിലിങ് സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അംഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിപാടി നടത്താനും ഉദ്ദേശിക്കുന്നു.

**Annexure 3**

# A Rights-Based Action Plan for Transgenders in Kerala

| Goals | Activity to Achieve Objective | Responsibility/ Govt. Dept./Agency |
|---|---|---|
| **Institutional Arrangements for Policy Implementation at the LSG level** | 1. Issue necessary directives to all LSGs to ensure this inclusion of TGI in Application forms as per directions of Supreme Court as per GOK Policy). | Social Justice Department (SJD) Minister/ Secretary/ Director |
| | 2. Correction of language in all planning guidelines and manuals to ensure that TGI persons are included without harassment of any kind. The word *Bhinnalingakkaar* to be deleted from all documents, and TGI used instead. | SJD and Minister |
| | 3. Take up representation of TGI community in LSG Committee in the next round of electoral reforms regarding the PRIs, specifically, the possibility of co-opting by nomination a TGI representative to the LSG Committee. | Chief Minister, SJD Minister, PRI Minister |
| | 4. Issue a TGI Policy for all LSGs along with a handbook for LSG to understand and handle LGBTQIs along with an IEC Program covering all LGU officers including officers on the Community's rights. | Chief Minister, SJD Minister, PRI Minister |
| | 5. Appoint a Prerak for TGI community at the LSG level, at least at the District LSG who must necessarily be a TGI person. | Chief Minister, SJD Minister, PRI Minister, |
| | 6. Make awareness programmes against transphobia and homophobia a formal concern of the Welfare Standing Committee. | PRI Minister & Dept. |

| | | |
|---|---|---|
| | 7. Include anti-transphobia and anti-homophobia awareness-raising formally among the concerns of the Health and Education Standing Committees. | SJD Minister,<br>PRI Minister,<br>copy to CM |
| | 8. Make mandatory the inclusion of a TGI member in the relevant Working Groups during LSG planning. | PRI Minister/ Dept. |
| | 9. Authorize the three members above to constitute a monitoring committee in the LSG to reduce anti-homo or anti-transphobia. | PRI Minister/ Dept. |
| | 10. Mandate specific share of total resources available to the LSG for awareness-creation of gender fluidity. This may be through funding books on this topic in the local libraries and college libraries, holding workshops in local colleges, Ayalkkoottams etc., preparation of IEC material etc. | SJD Minister/ Dept.<br>PRI Minister/ Dept.<br>Copy to CM |
| | 11. Ensure inclusion of a TGI member in the Jagrata Samiti (JS), and provision for mandatory constitution of the JS within a stipulated time if a victim of homophobia or transphobia demands it. | PRI Minister/Dept. |
| | 12. Establish a consultative body within the Department of Social Justice that may be convened as and when necessary to deal with instances of violence and transphobic and homophobic attacks against LGBTQI people. | SJD Minister/Dept. |
| | 13. A list of potential resource persons from the LGBTQI CBOs and NGOs and prominent | SJD, PRI Dept. |

| Goals | Activity to Achieve Objective | Responsibility/ Govt. Dept./Agency |
|---|---|---|
| | individual activists in the community to be generated by the State Planning Board/Dept. of LSG/Dept. of Social Welfare vetted by the TGI Board and circulated to LSGs. The LSGs should be encouraged to choose experts for working groups from the list. | |
| | 14. Include TGI category in all LSG surveys (correct the present exclusion). | PRI Dept. SJD |
| | 15. Grant the option for TGIs to sit as a separate group if they so wish in forums such as Grama Sabha and Ward Sabha, and inform to the LSG Secretary of it earlier. Special gramasabhas could be conducted by the District LSG for this community (so that a greater number can come together to make demands). | PRI Minister/ Director Panchayats |
| **Economic Empowerment of TGIs** | 1. Self-employment grants must be available for TGIs to initiate income generating activities and counselling and training from Kudumbashree. | PRI Minister, Industries Dept. BPL categories already eligible |
| | 2. Special consideration to TGIs in renting space in buildings owned by local bodies to set up own income-generating enterprises/shops/training centres etc. | PRI Minister/Dept. |
| | 3. Special windows of training and special scholarships through government and private run ITIs, catering institutes, dance academies, fashion institutes, | PRI Minister/Dept. |

| | | |
|---|---|---|
| | computer training, cosmetology (both inside and outside Kerala), She Taxi, Sandesh 1, must be part of local government support for TGIs and BPL LGBTs. | |
| | 4. The State government should lower the age at which TGIs can receive a pension from 60 to 55. | SJD Minister, SJD |
| | 5. Aid to buy and learn to drive vehicles as a gainful occupation or for travel to and from work. | SJD |
| **Affordable effective health care and the right to access it with dignity** | 1. Place TGI desks in Taluk and District hospitals within a LSG to address several health issues faced by TGIs. Wherever government hospitals are either distant or not easily reachable, LSGs should enter into agreements with other hospitals to establish TGI desks. | First SJD then Dept. of Health |
| | 2. Facilitate gender transition: (i) Inform TGIs about options available in relation to gender transition (ii) LSGs should establish a fund for Sex Reassignment Surgery (SRS) in Government hospitals and Health Professionals must be trained in sex reassignment surgery, hormone therapy and other necessary medical skills associated with sex change treatment (iii) Access to SRS, Hormone therapy, with reimbursement from Karunya; and (iv) Proper post-operative follow-up counseling and arrangements for support, should be given. | SJD→Health Dept. |
| | 3. TGIs should obtain free of cost | SJD→Health Dept. |

| Goals | Activity to Achieve Objective | Responsibility/ Govt. Dept./Agency |
|---|---|---|
| | health insurance schemes provided for BPL category of Central or State Govt. TGs should be enrolled in the GoK's Comprehensive Health Insurance Scheme. | |
| | 4. Establish a counselling center in local bodies, especially District LSGs and urban bodies, as a pilot with qualified and trained personnel, ensuring confidentially amongst counselling professionals, with strong sanctions for breach. | PRI Minister/Dept. |
| | 5. Mandatory anti-trans-and homo-phobia sessions for all key functionaries at the grassroots such as ASHA workers and Anganwadi teachers. | PRI Minister/Dept. |
| | 6. Establish access to a special hotline for LGBTQI people with specially trained counsellors, especially a suicide hotline. | SJD |
| **Right to Dignity and Life without Violence & Right to Freedom and Expression** | 1. TGIs should receive Ration food cards under Public Distribution System to obtain food at free/subsidized cost. | Chief Minister<br>Civil Suppliers Minister/Dept |
| | 2. Landless and Homeless TGIs should be able to access land or homes from any schemes for BPLs with special consideration. | PRI Minister/Dept. |
| | 3. Provide appropriate toilet facilities for TGIs in all public places. | PRI Dept. |

| | | |
|---|---|---|
| | 4. Set up Safe Homes for TGIs within the LSGs to ensure their safety. | PRI Minister/Dept. |
| | 5. Providing opportunities for enhancing TGI artistic skills as well as facilitate their participation in state and other festivals. | PRI Minister/Dept. |
| | 6. Identification facilities should be made available at the level of the LSG – by registering through SEVANA. A special application form for ID for transpersons should be uploaded by Information Kerala Mission, and online application should be encouraged. Cross-checking, if necessary, should be done at the LSG level via Kudumbashree. | SJD |
| | 7. Hold local-level legal training for para-legals from among TGIs and adalats to settle legal issues at the District LSG level. Offer free legal aid to TGIs. | SJD Minister/Dept. |
| | 8. Uphold the rights of TGI people to choose their dressing styles, explicitly recognising it as a right. Raise awareness on this through public programmes. | SJ |
| **Raising public awareness on gender and sexuality** | 1. Schools starting with the upper primary level should raise awareness of school students on gender and sexuality. | SJD, Education Dept. |
| | 2. Counsellors and school teachers should be given training for enhanced awareness on gender and sexuality related issues and to | SJD, Education Dept. |

| Goals | Activity to Achieve Objective | Responsibility/ Govt. Dept./Agency |
|---|---|---|
| | properly manage, help and guide gender non-confirming children. | |
| | 3. Include sexuality in the gender component of training currently being provided including doctors, lawyers, police, and other experts. | SJD, Education Dept. Health Dept. Police Dept. |
| | 4. Issue a Circular strongly prohibiting the police from harassing TGI people in any way. Sensitize police officers at all levels about TGI rights in several waves of training. | CM, Police Dept. |
| | 5. Clear instructions to all functionaries in departments to ensure security of person and property for LGBTQIs and prevent them from being punished or harassed for cross-dressing and gender-specific behavior. Swift action against public functionaries who engage in such harassment. | CM, SJD |
| | 6. Anti-discrimination policies must be instituted and implemented in the processes of hiring, retention, promotion and employee benefit schemes. | SJD |
| | 7. Through use of local NGOs or other community-based organisations help to strengthen networking between the Community and other relevant stakeholders for spreading awareness of genders and sexualities. | SJD |
| | 8. Special effort to conduct cultural events giving awareness of non-conforming gender and sexuality such as film festivals and play-writing workshops. | PRI Dept. |

**Centre for Development Studies**
Prasanth Nagar Road, Ulloor
Thiruvananthapuram 695 011
Kerala, India

Phone : 0471 - 2774200, 2448881, 2442481, 2448412
Fax: 0471 - 2447137
Website: www.cds.edu

St. Joseph's Press, Tvpm